# MODEL EXAMINATION . MARCH 2021

# +2 മലയാളം ചോദ്യോത്തരങ്ങൾ

hssMozhi
malayalam class

## മലയാളം

**Maximum : 80 Scores**

1. മലയാളം ക്ലാസുകളിൽ നിന്ന് ശാസ്ത്രജ്ഞനായ ഇ സി ജി സുദർശനൻ ഉൾക്കൊണ്ട രണ്ട് പ്രധാന നേട്ടങ്ങൾ : ( സ്കോർ – 2 )

- ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന വലിയ അറിവ്
- ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങൾക്കുള്ള പ്രചോദനം

2 . ശകുന്തളയെ അധിക്ഷേപിക്കായി ദുഷ്ഷന്തൻ പറയുന്ന വാക്കുകൾ : ( സ്കോർ – 2 )

- കോകിലനാരി പോലെ പരഭൃത
- നാരികൾക്ക് ധാർഷ്ട്യമുണ്ട്

3 . ഗബ്രിയേൽ ഗാർസിയ മാർക്വേസ് എന്ന എഴുത്തുകാരനുമായി ബന്ധപ്പെടുത്താവുന്ന രണ്ടു പ്രസ്താവനകൾ : ( സ്കോർ – 2 )

HSSLiVE.IN

- ലാറ്റിനമേരിക്കൻ സാഹിത്യകാരൻ
- നോബൽ സമ്മാനജേതാവ്

4 . ' കിരാതവൃത്തം ' എന്ന കവിതയിലെ രണ്ടു ദൃശ്യബിംബങ്ങൾ തിരഞ്ഞെടുത്തെഴുതുക : ( സ്കോർ – 2 )

- കറുകപ്പൽത്തുമ്പത്തെ അമ്പിളിയുടെ കളമെഴുത്ത്
- നെഞ്ചത്തു പന്തം കുത്തി നിൽക്കുന്ന കാട്ടാളൻ

5 . ' വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ ' എന്ന ശീർഷകവുമായി യോജിച്ച വരുന്ന രണ്ടു പ്രസ്താവനകൾ : ( സ്കോർ – 2 )

- സപോർട്സ് ഫീച്ചർ
- കരിക്കറ്റിൽ നിന്നുള്ള സച്ചിന്റെ വിടവാങ്ങൽ

6 . ' ഖലനല്ല വാക്കുകേട്ടാൽ ' – സന്ദർഭം വിശദമാക്കുക ( സ്കോർ – 2 )

🌹 നളചരിതം ആട്ടക്കഥയിൽ ദമയന്തിയുടെ തോഴിയായ കേശിനി ബാഹുകനെക്കുറിച്ച് പറയുന്ന വാക്കുകളാണിത്. ഒളിഞ്ഞും തെളിഞ്ഞും ബാഹുകനെ നിരീക്ഷിച്ച കേശിനിക്ക് ബാഹുകന്റെ വ്യക്തിത്വത്തെക്കുറിച്ച് തോന്നിയ മതിപ്പാണ് ഇവിടെ വ്യക്തമാകുന്നത്. പുരുഷ രത്നവും ധീമാനുമായ ബാഹുകൻ ഒരു ദുഷ്ടനല്ല എന്ന് കേശിനി ദമയന്തിയെ ബോധ്യപ്പെടുത്തുന്നു.

☑ 7 . മാപ്പിളപ്പാട്ട് രചയിതാക്കൾക്കിടയിൽ പുലിക്കോട്ടിൽ ഹൈദറിനെ വ്യത്യസ്തനാക്കുന്ന രണ്ടു പ്രത്യേകതകൾ കുറിക്കുക ( സ്കോർ – 2 )

🌹 അറബി – മലയാള സാഹിത്യത്തിൽ ഏറനാടൻ ഭാഷ ഉപയോഗിച്ച പുലിക്കോട്ടിൽ അറബി മലയാള സാഹിത്യകാരന്മാരിലെ നാട്ടുമൊഴിക്കാരനാണ്. തനികേരളീയ വിഷയങ്ങളാണ് പുലിക്കോട്ടിൽ തന്റെ രചനകൾക്ക് വിഷയമാക്കിയത്. അന്ധവിശ്വാസങ്ങൾ , അനാചാരങ്ങൾ , സ്ത്രീകൾ നേരിടുന്ന ദുരിതങ്ങൾ ഇവയ്ക്കെതിരെ ബോധപൂർവ്വം എഴുതിയ ആളാണ് പുലിക്കോട്ടിൽ . ഇങ്ങനെ ഭാഷ , വിഷയം , സമീപനം എന്നീ കാര്യങ്ങളിൽ പുലിക്കോട്ടിൽ വേറിട്ടുനിൽക്കുന്നു.

☑ 8 . ഭർത്താവിനെക്കുറിച്ചുള്ള ശീലാവതിയുടെ പരാതികൾ എന്തൊക്കെയാണ് ? ( സ്കോർ – 2 )

🌹 എന്തെല്ലാം ഔഷധങ്ങൾ കൊടുത്തിട്ടും ഭർത്താവിന്റെ രോഗത്തിന് ഒരു ശമനവും ഉണ്ടാവുന്നില്ല. ഭർത്താവിന്റെ ഇഷ്ടാനുസരണം ഭക്ഷണം ഉണ്ടാക്കിക്കൊടുത്തിട്ടും അദ്ദേഹത്തിന് അതിൽ ഒരു സ്വാദും തോന്നുന്നില്ല. താൻ എന്ത് ചെയ്താലും പറഞ്ഞാലും അതിലെല്ലാം ഭർത്താവ് കുറ്റം കണ്ടു പിടിക്കുന്നു. ഇതെല്ലാമാണ് ശീലാവതിയുടെ പരാതികൾ.

☑ 9 . ' യമുനോത്രിയുടെ ഊഷ്മളതയിൽ ' , ' ബദരിയും പരിസരങ്ങളും ' – എന്നീ യാത്രാ വിവരണ ഭാഗങ്ങൾ പരിചയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഞ്ചാരസാഹിത്യ കൃതികൾക്കു വേണ്ട രണ്ടു സവിശേഷതകൾ എഴുതുക (സ്കോർ – 2 )

🌹 കാഴ്ചകളുടെ വസ്തുനിഷ്ഠവും കൗതുകകരവുമായ വിവരങ്ങൾ യാത്രാവിവരണങ്ങളെ വിജ്ഞാനപ്രദമായ വായനാനുഭവമാക്കും. കാഴ്ചകൾ എഴുത്തുകാരന്റെ മനസിൽ ഉണ്ടാക്കിയ വൈകാരികാനുഭൂതികൾ പങ്കു വയ്ക്കുന്നത് സഞ്ചാര സാഹിത്യത്തെ സർഗ്ഗാത്മക രചനയാക്കും.

HSSLiVE.IN

☑ 10 . കാക്കാരശ്ശി നാടകത്തിന്റെ പ്രത്യേകതകളെക്കുറിച്ച് എഴുതുക (സ്കോർ – 2 )

🌹 തെക്കൻ കേരളത്തിൽ പ്രചാരത്തിലുള്ള , ഏതാണ്ട് മൂന്ന് നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഒരു നാടോടി നാടകമാണ് കാക്കാരശ്ശി. കാക്കാര് കളി , കാക്കാലത്തിനാടകം , കാക്കാലച്ചിനാടകം എന്നീ പേരുകളിലും അറിയപ്പെടുന്ന ഈ കലാരൂപം കാക്കാർ , കുറവർ വിഭാഗത്തിൽപെട്ടവർ പരമ്പരയായി പഠിച്ച് അവതരിപ്പിക്കുന്നു. പാട്ട് , നൃത്തം , ഫലിതം ഇവ ചേരുംപടി ചേർത്ത് അവതരിപ്പിക്കുന്ന കാക്കാരശ്ശി ഒരു സമ്പൂർണ്ണ വിനോദകലയാണ്.

☑ 11 . കലാമണ്ഡലത്തിലെ പഠന കാലത്ത് അനുഭവിച്ചറിഞ്ഞ ഭാരതപ്പുഴയെക്കുറിച്ച് ഹൈദരലിയുടെ ഓർമ്മകളെന്തൊക്കെയാണ് ? ( സ്കോർ – 2 )

🌹 കലാമണ്ഡലത്തെക്കുറിച്ചുള്ള ഹൈദരലിയുടെ ഓർമ്മകളിൽനിന്ന് വേർപെടുത്താനാവാത്തവണ്ണം കലർന്നു കിടക്കുയാണ് നിളയെക്കുറിച്ചുള്ള ഓർമ്മകളും . അന്ന് ഭാരതപ്പുഴ കലാമണ്ഡലത്തിന്റെ ഭാഗം പോലെ ആയിരുന്നു. വേനലിലും വറ്റാത്ത നിള വർഷകാലത്ത് കുത്തിയൊഴുകുന്നത് കണ്ടാൽ പേടിയാവും. നിളയിൽ പ്രഭാതത്തിൽ കളിക്കുന്നത് അന്ന് ദിനചര്യയുടെ ഭാഗമായിരുന്നു.

♡ 12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ( 4 സ്കോർ വീതം . ☑ 10 x 4 = 40 )

✅ 12 . ' പ്രകാശം ജലം പോലെയാണ് ' എന്ന കഥയിലെ കുട്ടികൾക്ക് കാഡ്ജിനയിൽ നിന്നും വിഭിന്നമായി മാഡ്രിഡ് നഗരം എപ്രകാരമാണ് അനുഭവപ്പെടുന്നത്.

🌹 മാർക്വേസിന്റെ പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ ടോട്ടോവും ജോവലും താമസിച്ചിരുന്ന കാഡ്ജിനെ കൊളംബിയയിലെ ഒരു തുറമുഖപട്ടണമാണ്. അവിടെ കടലോരവും വള്ളവും വള്ളപ്പുരയും വേണ്ടുവോളം കളിയിടങ്ങളും ഉണ്ടായിരുന്നതുകൊണ്ട് കുട്ടികളവിടെ ഉല്ലസിച്ച് ജീവിച്ചു. മാഡ്രിഡ് സ്പെയിനിലെ പരിഷ്കൃത നഗരമാണ്. അവിടെയുള്ള ഫ്ലാറ്റിന്റെ അഞ്ചാം നിലയിലെ കുടുസ് അപ്പാർട്ട്മെന്റിലേക്ക് കുട്ടികൾക്ക് ഒതുങ്ങിക്കൂടേണ്ടി വന്നു. ടാപ്പിൽ നിന്ന് വരുന്ന വെള്ളമല്ലാതെ അവിടെ ജലാശയങ്ങളൊന്നും ഉണ്ടായിരുന്നില്ല. കാഡ്ജിനെയിൽ ഉണ്ടായിരുന്ന ബാല്യ സൗഭാഗ്യങ്ങളെല്ലാം കുട്ടികൾക്ക് മാഡ്രിഡിൽ നഷ്ടമായി .

✅ 13 . തന്നെ അധിക്ഷേപിക്കുന്ന ദുഷ്ഷന്തനോടുള്ള പ്രതികരണമായി ശകുന്തള പറയുന്ന ലോകതത്ത്വങ്ങൾ വിശദമാക്കുക

🌹 ശദ്ധജലത്തിൽ കുളിച്ചാലും ചെളിവാരിപൂശിയാലേ മദയാനയ്ക്ക് തൃപ്തിയാവൂ. അതുപോലെ പരനിന്ദ കൊണ്ടേ ദുഷ്യന്തന് സന്തോഷം വരൂ. സജ്ജനം ദുർജനത്തെപ്പോലും നിന്ദിക്കയില്ല. എന്നാൽ ദുർജനം സജ്ജനത്തെയും നിന്ദിക്കും. വിരൂപനായ ആൾ കണ്ണാടി കാണും വരെ താൻ സുന്ദരൻ എന്ന് ധരിക്കും പോലെ തന്റെ കുറ്റങ്ങൾ തിരിച്ചറിയാത്തവനാണ് ദുഷ്ഷന്തൻ . അന്യന്റെ കടുകോളം ഉള്ള കുറ്റം കണ്ടെത്തി ആക്ഷേപിക്കുന്നവൻ ആനയോളം പോരുന്ന തന്റെ കുറ്റങ്ങൾ ഒട്ടും കാണാറില്ല. എഴുത്തച്ഛന്റെ ' കണ്ണാടി കാണ്മോളവും ' എന്ന കവിതയിൽ തന്നെ ആക്ഷേപിച്ച ദുഷ്ഷന്തനോട് ഈ ലോകതത്ത്വങ്ങൾ പറഞ്ഞാണ് ശകുന്തള പ്രതികരിക്കുന്നത്.

✅ 14 . കലാമണ്ഡലം ഹൈദരലിക്ക് ബാപ്പയെക്കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയാണ് ?

🌹 ഓട്ടുപാറയിലെ പാട്ടുകാരൻ മൊയ്തൂട്ടിക്ക് വയസുകാലത്ത് ഉണ്ടായ മകനാണ് ഹൈദരലി. ഹൈദറിന് അഞ്ച് വയസായപ്പോൾ ബാപ്പ മരിച്ചു പോയി. അക്കാലത്തിനിടയിൽ മകനെ മടിയിൽ കിടത്തി മൊയ്തൂട്ടി പാടിക്കൊടുത്ത പാട്ടാണ് ഹൈദരാലിക്ക് ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ സ്വത്ത് . വാപ്പയിൽ നിന്ന് പകർന്ന് കിട്ടിയ പാട്ടാണ് ഹൈദരാലിയെ പാട്ടുകാരനാക്കിയത്.

HSSLiVE.IN

✅ 15 . ' അഗ്നിവർണന്റെ കാലുകൾ ' എന്ന നാടകത്തിലെ കഥാപാത്രങ്ങൾ ഏതൊക്ക പ്രവണതകളുടെ പ്രതിനിധികളാവാം ? വിലയിരുത്തുക

🌹 രഘുവംശത്തിലെ അവസാനത്തെ രാജാവായ അഗ്നിവർണന്റെ കഥാപശ്ചാത്തലത്തിൽ സമകാലികരാഷ്ട്രീയ ജീർണതകളെ ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന നാടകമാണ് കാവാലത്തിന്റെ ' അഗ്നിവർണന്റെ കാലുകൾ ' . നാടകത്തിൽ അഗ്നിവർണന്റെ പ്രാതിനിധ്യം വഹിക്കുന്ന മരക്കാലുകൾ എല്ലാത്തരം രാഷ്ട്രീയ ജീർണതയുടെയും അടയാളമാണ്.

കേവലരാമൻ –നിരക്ഷരനും നിഷ്കളങ്കനുമായ സാധാരണ പ്രജ . അയാൾക്ക് തന്റെ അവകാശങ്ങളെക്കുറിച്ചോ രാജാവിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചോ ഒന്നുമറിയില്ല.

ചിന്താരാമനും അയാളുടെ കയ്യിലെ പുസ്തകവും നമ്മുടെ ഭരണഘടനയെയും നീതിന്യായ വ്യവസ്ഥയെയും പ്രതിനിധീകരിക്കുന്നു.

അധികാരത്തിന്റെ ഇടനാഴിയിലെ ഉപജാപകസംഘമാണ് കൊഞ്ഞുവാളും രാജഗുരുവും വിദൂഷകനും.

ഒരു ശുദ്ധീകരണത്തിന് ശേഷിയുള്ള ജനത്തിന്റെയോ മധ്യമങ്ങളുടെയോ പ്രതിനിധിയായി അടിച്ചു തളിക്കാരിയെ കണക്കാക്കാം

✅ 16 . ' അവകാശങ്ങളുടെ പ്രശ്നം ' എന്ന കഥയിൽ സൂചിപ്പിക്കുന്ന വിപണിയുടെ പ്രത്യേകതകൾ കുറിക്കുക

🌹 ഉല്പന്ന ധാരാളിത്തം , നിർമമത , വെളിച്ചത്തിന്റെ ചതിക്കുഴികൾ എന്നിങ്ങനെ വിപണിയുടെ പ്രത്യേകതകൾ അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ പ്രകടമാണ്. എണ്ണമറ്റ കടകൾ, ഒരിക്കലും അടയ്ക്കാത്ത കടകൾ , അവിടെയുള്ള ഛായാ പടങ്ങളുടെ മഹാസാഗരം ഇതെല്ലാം ഉല്പന്ന ധാരാളിത്തമാണ് സൂചിപ്പിക്കുന്നത്. കടകളിലെ വെളിച്ചത്തിന്റെ ചതിക്കുഴിയിൽ വീണ ദിവാകരൻ തന്റെ അന്വേഷണത്തിൽ പതറിപ്പോകുന്നത്

വിപണിയൊരുക്കുന്ന ചതിക്കുഴിയെ സൂചിപ്പിക്കുന്നു. കടക്കാർ ദിവാകരനോട് ഒരു അനുഭാവവും കാണിക്കുന്നില്ല. ഏതെങ്കിലും പടം പോരേ എന്ന് പരിഹസിക്കുന്നുമുണ്ട്. ഒടുവിൽ ദിവാകരനെത്തന്നെ വില്പനച്ചരക്കാക്കുന്നു. ലാഭം മാത്രം ലക്ഷ്യമാക്കുന്ന വിപണിയുടെ നിർദ്ദയത്വം ഇവിടെ സൂചിപ്പിക്കുന്നു.

✅ 17 . ആട്ടക്കഥാകൃത്തുക്കൾക്കിടയിലെ മൗലിക പ്രതിഭയാണ് ഉണ്ണായി വാര്യർ . അദ്ദേഹത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക

🌹 1675 നും 1755 നും ഇടയിൽ ജീവിച്ചിരുന്ന ഉണ്ണായി വാര്യർ നളചരിതം ആട്ടക്കഥ എന്ന ഒറ്റക്കൃതി കൊണ്ട് തന്നെ മലയാള സാഹിത്യത്തിലെ ചിരഞ്ജീവിയായി. വധങ്ങളും പരിണയങ്ങളും നിറഞ്ഞ ആട്ടക്കഥാ സാഹിത്യത്തിൽ നളചരിതത്തെ 'കേരളശാകുന്തളം' എന്ന് വിളിക്കുന്നത് കാളിദാസ ശാകുന്തളത്തോട് കിടപിടിക്കുന്ന ഗുണഗണങ്ങൾ കൊണ്ടാണ്. ആടാനും പാടാനും വായിച്ച രസിക്കാനും ഒരു പോലെ മികച്ച കൃതിയാണ് നളചരിതം . നാടകീയത തികഞ്ഞ നളചരിതത്തിലെ ചെറിയ കഥാപാത്രങ്ങളെപ്പോലും വ്യക്തിത്വമുള്ള പൂർണ്ണ കഥാപാത്രങ്ങളായാണ് വാര്യർ സൃഷ്ടിച്ചത്. ഭാഷാപരമായ ഏത് വ്യവസ്ഥയെയും വെല്ലുവിളിക്കുന്ന തരത്തിൽ മലയാള സംസ്കൃതഭാഷകള കൂട്ടിക്കലർത്തി ഒരു വെങ്കല ഭാഷ തന്നെ നളചരിതത്തിൽ ഉണ്ണായി വാര്യർ സൃഷ്ടിച്ചിരിക്കുന്നു.

✅ 18 . ഓണക്കാലത്തു സംഘടിപ്പിക്കുന്ന നാടൻ കലാമേളയിൽ പടയണി അവതരിപ്പിക്കുന്നതിനു മുന്നോടിയായി നടത്താനുള്ള ആമുഖ ഭാഷണം തയ്യാറാക്കുക

🌹 പ്രിയ കലാസ്നേഹികളെ,

മധ്യതിരുവിതാംകൂറിലെ ഭഗവതി കാവുകളിൽ ആചരിച്ചുവരുന്ന ഒരു അനുഷ്ഠാന കലാരൂപമാണ് പടയണി. കൊട്ടും പാട്ടും തുള്ളലും ചിത്രങ്ങളും ശിൽപങ്ങളും ഈ കലാരൂപത്തിന്റെ പ്രത്യേകതകളാണ്. പാട്ടിന്റെയും തപ്പതാളങ്ങളുടെയും തീപ്പന്തങ്ങളുടെയും അകമ്പടിയോടെ കോലങ്ങൾ ഉറഞ്ഞു തുള്ളുന്നു. ഗണപതി, മറുത, കാലൻ, കുതിര, പക്ഷി, യക്ഷി, ഭൈരവി തുടങ്ങി നിരവധി കോലങ്ങൾ പടയണിയിൽ ഉണ്ട്. ഓരോ കോലത്തിനും പ്രത്യേകം പാട്ടുകളും ചുവടുകളും ഉണ്ട്. കാലൻ കോലത്തിൻറെ തുള്ളലിൽ നാടകീയത ഏറി നിൽക്കും. നടന്മാരും കാണികളും ഒന്നുചേർന്ന് അവതരിപ്പിക്കുന്ന ഉദാത്തമായ അനുഭവമാണ് കോലംതുള്ളൽ നിന്ന് ഉണ്ടാകുന്നത്. പടയണി പാട്ടുകളും കാവ്യാത്മകമാണ്. ദേവതാ സ്തുതികൾ മുതൽ സാമൂഹികവിമർശനം വരെ അതിലുണ്ട്.

HSSLiVE.IN

✅ 19 . ' മോഷണം ' , ' തേങ്ങ ' എന്നീ രചനകൾക്ക് വായനക്കാരിൽ ചിരിയുണർത്താൻ സാധിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

🌹. ആക്ഷേപഹാസ്യത്തിന് നല്ലൊരുദാഹരണമാണ് അയ്യപ്പപ്പണിക്കരുടെ ' മോഷണം ' എന്ന കവിത . ' വെറുമൊരു മോഷ്ടാവായോരെന്നെ , കള്ളനെന്നു വിളിച്ചില്ലേ ' എന്ന ചോദ്യത്തോടെയാണ് കവിത ആരംഭിക്കുന്നത്. വെറുമൊരു മോഷ്ടാവ് എന്ന പ്രയോഗത്തിലൂടെ മോഷണത്തെ ലഘൂകരിക്കാനുള്ള ശ്രമം കാണാം. കവിതയുടെ അവസാനത്തിലെ ചട്ടങ്ങളെ മാറ്റാനുള്ള ആഹ്വാനം ഏറെ രസകരമാണ്. മോഷണത്തെ അവകാശമാക്കി മാറ്റാനുള്ള മുദ്രാവാക്യം വായനക്കാരിൽ ചിരി ഉണർത്തുന്നു. വലിയ കള്ളങ്ങൾ ചെയ്യുന്നവർ മാന്യന്മാരായി വിലസുന്ന കാലത്ത് തൻറെ ചെറിയ മോഷണങ്ങൾ അവകാശമായി കള്ളൻ കാണുന്നു.

അയുക്തി മൂലമുണ്ടാകുന്ന ഹാസ്യമാണ് ചെറിയാൻ കെ ചെറിയാന്റെ ' തേങ്ങ ' എന്ന കവിതയിൽ കാണുന്നത്. കൊല്ലാങ്കണ്ടത്തിൽ ദേവസ്യയുടെ തലയിൽ ഒരു പെരുന്തൻ തേങ്ങ വീണു. അയാളുടെ തലയല്ല തകർന്നത് , തേങ്ങയാണ്. അതുകണ്ട ദേവസ്യക്ക് ചിരിയടക്കാനായില്ല. ചിരിച്ച് ചിരിച്ച് ചിരിയടക്കാനാവാതെ ദേവസ്യ മരിച്ചു. ഈ യുക്തിയില്ലായ്മയാണ് വായനക്കാരിൽ ചിരിയുണർത്തുന്നത്. ജീവിതം യുക്തിക്ക് അതീതമാണെന്ന് ഓർമപ്പെടുത്തുന്നതോടൊപ്പം തലയിൽ തേങ്ങ വീണാൽ ചിരിക്കരുത് എന്ന ഗുണപാഠം കൂടി ചേർത്തു വച്ചിരിക്കുന്നു. അത് വായനക്കാരെ ചിരിപ്പിക്കുന്നു.

✅ 20 . പുലിക്കോട്ടിൽ ഹൈദറിന്റെ ' വെള്ളപ്പൊക്കമാല ' , ' മറിയക്കുട്ടിയുടെ കത്ത് ' – എന്നീ കൃതികളെക്കുറിച്ച് ലഘുവിവരണം എഴുതുക

🌹 മാപ്പിളപ്പാട്ട് രചയിതാക്കളിൽ ഏറെ ജനപ്രീതി നേടിയ എഴുത്തുകാരനാണ് പുലിക്കോട്ടിൽ ഹൈദർ. തന്റെ കൃതികളിൽ കേരളീയതയ്ക്ക് നൽകിയ സ്ഥാനം കൊണ്ടാണ് അദ്ദേഹം ശ്രദ്ധേയനായത്. അദ്ദേഹത്തിന്റെ

സമകാലികരായ മാപ്പിളപ്പാട്ട് രചയിതാക്കൾ അറേബ്യൻ ചരിത്രവും ഇസ്‌ലാമികേതിവൃത്തവും കാല്പനിക ലോകവും അവതരിപ്പിച്ചപ്പോൾ ഹൈദർ സ്വന്തം മണ്ണിന്റെ (കേരളത്തിന്റെ ) കഥയാണ് പറഞ്ഞത്.

ഹൈദർ തന്റെ കൃതികളിൽ കേരളീയതയ്ക്ക് നൽകിയ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു കൃതിയാണ് വെള്ളപ്പൊക്കമാല. 1961ൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കമാണ് 'വെള്ളപ്പൊക്കമാല' എന്ന കൃതിയിലെ പ്രതിപാദ്യം. 'തന്റെ കേരള'ത്തിൽ വന്ന നാശത്തെക്കുറിച്ച് അദ്ദേഹം ഇതിൽ പറയുന്നത്. തന്റെ മണ്ണിൽ ഉണ്ടായ നാശം അദ്ദേഹത്തെ വേദനിപ്പിച്ചു. ആ വേദനയാണ് അദ്ദേഹം വെള്ളപ്പൊക്കമാലയിൽ അവതരിപ്പിക്കുന്നത്.

സാമൂഹ്യ പരിഷ്കരണം ആയിരുന്നു അദ്ദേഹത്തിന്റെ കൃതികളിലെ മുഖ്യ കാഴ്ചപ്പാട്. അതിലേറ്റവും പ്രധാനമായിരുന്നു സ്ത്രീകളുടെ ഉന്നമനം. സ്ത്രീകളനുഭവിക്കുന്ന നൊമ്പരങ്ങൾ അദ്ദേഹം വളരെ കൃത്യമായി അവതരിപ്പിച്ചു. അതിൽ ഏറ്റവും മികച്ച നിൽക്കുന്ന രചനയാണ് 'മറിയക്കുട്ടിയുടെ കത്ത്'. ബെല്ലാരി ജയിലിൽ കഴിയുന്ന തന്റെ ഭർത്താവ് തന്നെ സംശയിക്കുന്നതിൽ നൊമ്പരപ്പെട്ട മറിയക്കുട്ടി തന്റെ നിരപരാധിത്വവും സങ്കടവും വിവരിച്ചുകൊണ്ട് തന്റെ ഭർത്താവിന് അയക്കുന്ന കത്താണ് മറിയക്കുട്ടിയുടെ പാട്ട്. മറിയക്കുട്ടിയുടെ നൊമ്പരം വായനക്കാരുടെ കണ്ണുകൾ നനയ്ക്കുകയും ഹൃദയത്തിൽ ചെന്ന് തട്ടുകയും ചെയ്യുന്നു.

✅ 21 . പരസ്യങ്ങളെയും പ്രചാരണ യത്നങ്ങളെയും ഒന്നടങ്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പരിഗണിക്കുന്നത് അത്ര ശരിയല്ല എന്നുപറയുന്നതെന്തുകൊണ്ടാണ് ?

🌹 1 . പരസ്യങ്ങളും പ്രചാരണയത്നങ്ങളും മാധ്യമങ്ങളിലെ പ്രധാനപ്പെട്ട ഘടകവും വിഭവങ്ങളുമാണ്. മാധ്യമങ്ങളിലെ അനിവാര്യ ഘടകങ്ങളാണിവ. അതിശയോക്തിയില്ലാത്ത പരസ്യവും പ്രചാരണവും വളരെ വിരളമാണ്. ഈ അതിശയോക്തിയുടെ മേമ്പൊടി ഉള്ളതുകൊണ്ട് തന്നെ പരസ്യങ്ങളെയും പ്രചാരണയത്നങ്ങളെയും ഒന്നടങ്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പറഞ്ഞ് പലപ്പോഴും തള്ളിക്കളയാറുണ്ട്. പക്ഷേ എല്ലാ പരസ്യങ്ങളും പ്രചാരണ യത്നങ്ങളും അതിശയോക്തിപരമായ വിവരങ്ങൾ ആവണമെന്നില്ല. ശുചിത്വ പാലനം, രോഗപ്രതിരോധം, പുകവലിയുടെയും മദ്യപാനത്തിന്റെയും ദോഷഫലങ്ങൾ, ഗതാഗത നിയമങ്ങൾ അനുസരിക്കേണ്ടതിന്റെയും കൃത്യമായി നികുതി അടക്കേണ്ടതിന്റെയും ആവശ്യകത , വിദ്യാഭ്യാസം , തുടങ്ങിയ വിഷയങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിൽ പരസ്യങ്ങളും പ്രചാരണങ്ങളും വഹിക്കുന്ന പങ്ക് വലുതാണ്. അതുകൊണ്ടുതന്നെ ഇവയെ അതിശയോക്തിപരമായവ എന്ന് പറഞ്ഞ് തള്ളിക്കളയേണ്ടതില്ല.

HSSLIVE.IN

**♡ 22 മതൽ 32 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . 🎄 6 സ്കോർ വീതം**

**( 11 x 6 = 66 )**

✅ 22 . സാമൂഹിക ജീവിതം, സാംസ്കാരിക വിനിമയം, സർഗാത്മക ആവിഷ്കാരം, ഭരണഭാഷ, കോടതി ഭാഷ, ബോധന മാധ്യമം എന്നീ തലങ്ങളെ മുൻനിർത്തി മാതൃഭാഷയ്ക്ക് നൽകേണ്ട പ്രാധാന്യത്തെപ്പറ്റി വിവരിക്കുക?

🌹 സാമൂഹിക ജീവിതം, സംസ്കാരവിനിമയം, സർഗാത്മക ആവിഷ്കാരം, ഭരണഭാഷ, കോടതി ഭാഷ, ബോധന മാധ്യമം എന്നീ തലങ്ങളിലെല്ലാം മാതൃഭാഷയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. മനുഷ്യൻ സാമൂഹിക ജീവിയാണ് .സാമൂഹിക ബന്ധങ്ങളുടെ നിലനില്പിന്, ആശയ വിനിമയത്തിന്,സംസ്കാര വിനിമയത്തിന് ശക്തി പകരുന്ന സ്രോതസ്സാണ് മാതൃഭാഷ.ഒരു ഭാഷ നശിച്ചു പോകുമ്പോൾ കേവലം ഒരു ഭാഷയ്ക്കപ്പുറം ഒരു സംസ്കാരം നശിച്ചുപോകുന്നു എന്ന് പറയുന്നത് അതുകൊണ്ടാണ്. ഒരു സമൂഹം ഉപയോഗിച്ചിരുന്ന വാക്കുകൾ ,പാട്ടുകൾ, ഒക്കെ അതോടെ അപ്രത്യക്ഷമാകുന്നു. ഭാഷയ്ക്ക് നൽകേണ്ട കരുതൽ , സ്ഥാനം, പ്രാധാന്യം ഇതിൽ നിന്ന് മനസിലാക്കാം.

അമ്മയുടെ ഉദരത്തിൽ വച്ച് കുട്ടി കേൾക്കുന്ന ശബ്ദങ്ങൾ അവന്റെ വൈകാരിക വളർച്ചയ്ക്ക് വഴിയൊരുക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. കുട്ടികളുടെ ചിന്താശക്തി, ആശയ രൂപീകരണം, ഭാവനയുടെയും സർഗ്ഗാത്മകതയുടെയും വളർച്ച എല്ലാത്തിനും അടിസ്ഥാനം മാതൃഭാഷ തന്നെ. അതുകൊണ്ട് തന്നെ ബോധന മാധ്യമം എന്ന നിലയിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. മാത്രമല്ല മാതൃഭാഷാ പഠനം പ്രൈമറി തലത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. ഉന്നത വിദ്യാഭ്യാസ രംഗത്തും ബോധന മാധ്യമം മാതൃഭാഷ ആകുന്നതോടെ കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിക്കാനും, ക്രിയാത്മകമാക്കാനും സാധിക്കും.

സർഗ്ഗാത്മക ഇടങ്ങളെ ഒരാൾക്ക് ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നത് മാതൃഭാഷയിലൂടെയാണ് . അതിലുപരി സർഗ്ഗാത്മകതയ്ക്ക് ശക്തിയും ഓജസ്സും വൈകാരികതയുമെല്ലാം ലഭിക്കുന്നത് മാതൃഭാഷയിലൂടെ ആവിഷ്കരിക്കുമ്പോഴാണ്. ഭരണഭാഷയും കോടതി ഭാഷയും മാതൃഭാഷയാകുമ്പോൾ അതിൻ്റെ ആനുകൂല്യം ലഭിക്കുന്നത് സാധാരണ ജനങ്ങൾക്കാണ്. നിലവിൽ സാധാരണക്കാർക്ക് അന്യമാണ് നീതിന്യായ വ്യവസ്ഥ. അവരിൽ നിന്ന് അകന്ന് നിൽക്കുന്നതായി അനുഭവപ്പെടാറുണ്ട്. ഇവ മാതൃഭാഷയിലേയ്ക്ക് പൂർണ്ണമായും

മാറുന്നതോടെ സാധാരണക്കാർക്ക് വലിയ നീതിയായി അത് മാറും. ഇങ്ങനെ ഏത് മേഖല എടുത്താലും മാതൃഭാഷ ജീവശ്വാസമായി അനുഭവപ്പെടുന്നു.

✅ 23 . ' പ്രകാശം ജലം പോലെയാണ് ' എന്ന കഥയിലെ അച്ഛനമ്മമാരുടെ സ്വഭാവ സവിശേഷതകൾ വിശദമാക്കുക

🌹 ടോട്ടോ, ജോവൽ എന്നീ രണ്ടു കുട്ടികൾ കേന്ദ്രകഥാപാത്രങ്ങളായി വരുന്ന മാർ ക്വസിന്റെ കഥയാണ് 'പ്രകാശം ജലം പോലെയാണ്.' മാജിക്കൽ റിയലിസത്തിന് മികച്ച ഉദാഹരണമായി ഈ കഥയെ പല നിരൂപകരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കാട്ജിനെ ഇന്ത്യാസ് എന്ന തുറമുഖ നഗരത്തിൽ നിന്നും മാഡ്രിഡ് എന്ന പരിഷ്കൃത നഗരത്തിലേക്ക് പറിച്ചു മാറ്റപ്പെട്ടവരാണ് ടോട്ടോയും ജോവലും . പരീക്ഷയിൽ നല്ല ഗ്രേഡു വാങ്ങിയാൽ തുഴവള്ളം വാങ്ങിത്തരണമെന്ന നിർദ്ദേശം അവർ മാതാപിതാക്കൾക്കു മുമ്പിൽ വയ്ക്കുന്നു. പുഴയോ കടലോ ഇല്ലാത്ത മാഡ്രിഡ് എന്ന പരിഷ്കൃതനഗരത്തിലെ ഒരു അപ്പാർട്ട്മെന്റിലെ അഞ്ചാം നിലയിൽ താമസിക്കുന്ന ഈ കുട്ടികളുടെ ആവശ്യം വിചിത്രമാണെങ്കിലും രക്ഷിതാക്കൾ അത് സാധിച്ചു കൊടുക്കുന്നു.

കുട്ടികളുടെ ആഗ്രഹങ്ങൾ വേഗം സാധിച്ചു കൊടുക്കുന്നയാളാണ് അച്ഛൻ. എന്നാൽ കുട്ടികളുടെ സ്വഭാവം നന്നായി മനസ്സിലാക്കിയിട്ടുള്ള അമ്മ ചിലപ്പോഴൊക്കെ ഇതിനെ എതിർക്കുന്നു. കഥയുടെ തുടക്കത്തിൽ കുട്ടികൾ തുഴവള്ളം വാങ്ങിത്തരാൻ ആവശ്യപ്പെടുമ്പോൾ അമ്മ പറയുന്നത് 'വള്ളം തുഴയാൻ ഇവിടെ ഷവറിൽ നിന്നു വരുന്ന വെള്ളം മാത്രമേയുള്ളൂ' എന്നാണ്. എന്നാൽ സ്കൂളിൽ ഉയർന്ന ഗ്രേഡു വാങ്ങുമ്പോൾ ഭാര്യയോടു പറയാതെ അച്ഛൻ അവർക്ക് വള്ളം വാങ്ങിക്കൊടുക്കുന്നു.

വള്ളത്തെ ഏണിപ്പടികൾ വഴി കുട്ടികൾ മുകളിലെത്തിക്കുമ്പോൾ പപ്പ പറയുന്നത് ' കൊള്ളാം, അഭിനന്ദനങ്ങൾ' എന്നാണ്. ഒന്നാം സെമസ്റ്ററിൽ ഏറ്റവും നല്ല വിദ്യാർത്ഥികൾക്കുള്ള സമ്മാനം വാങ്ങിയാൽ ആഴങ്ങളിൽ മുങ്ങാനുള്ള ഉപകരണങ്ങൾ വാങ്ങിത്തരണമെന്ന് കുട്ടികൾ വീണ്ടും ആവശ്യപ്പെടുന്നു. അപ്പോൾ അമ്മ പറയുന്നത് ' ചെയ്യേണ്ടതു ചെയ്തിട്ടു ഈ പിള്ളേർ ഒരാണി പോലും സമ്മാനമായി വാങ്ങില്ല. എന്നാൽ എന്തെങ്കിലും വേണമെന്നവർക്കു വാശി തോന്നിയാൽ എന്തും ചെയ്യും. വേണമെങ്കിൽ ടീച്ചറുടെ കസേര പോലും അവർ നേടിയെടുക്കും.' കുട്ടികളുടെ മാനസികവ്യാപാരത്തെക്കുറിച്ച് നല്ല ധാരണയുള്ള ഒരമ്മയെ ഇവിടെ കാണാം

വർഷാവസാനം മാതൃകാ വിദ്യാർത്ഥികളായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ തങ്ങളുടെ സഹപാഠികൾക്ക് വീട്ടിൽ വച്ചൊരു പാർട്ടി കൊടുക്കണമെന്നാവശ്യപ്പെട്ടപ്പോൾ അവർക്ക് പാകത വന്നതിന്റെ തെളിവാണതെന്ന് പപ്പ പറയുമ്പോൾ അത് സത്യമാകാൻ ദൈവമനുഗ്രഹിക്കട്ടെ എന്നാണ് അമ്മ പറയുന്നത്. ഈ കഥയിലെ മാതാപിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ഒരു പോലെ ശ്രദ്ധാലുക്കളാണെങ്കിലും സമീപനത്തിൽ വ്യത്യസ്തരാണെന്നു കാണാം

✅ 24 . ദൈവദശകകത്ത മറ്റു പ്രാർത്ഥനകളിൽ നിന്നു വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ചൂണ്ടിക്കാട്ടി സമകാലിക സാഹചര്യത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക

🌹 കേരളത്തിലെ സാമൂഹിക പരിഷ്കർത്താവും നവോത്ഥാന നായകരിൽ പ്രധാനിയുമായിരുന്നു ശ്രീ നാരായണ ഗുരു. അദ്ദേഹം , ശിവഗിരി മഠത്തിലെ അന്തേവാസികളായ കുട്ടികൾക്ക് ദിവസവും പ്രാർഥനാ സമയത്ത് ചൊല്ലുന്നതിനു വേണ്ടി എഴുതിയ ഗാനമാണ് ' ദൈവദശകം '.

ദൈവദശകത്തിൽ ഏതെങ്കിലും ദൈവത്തെ വിളിച്ചുകൊണ്ടുള്ള പ്രാർഥനാ രീതിയല്ല കാണുന്നത്. മുഴുവൻ ലോക ജനതയ്ക്കും ഒരുമിച്ചു നിന്ന് അഭയം തേടാവുന്ന ഒരു ദൈവമാണ് ഇവിടെയുള്ളത്. നാമരൂപത്തിലൂടെ ഒരു പ്രത്യേക പേരു പറയാതെ എല്ലാവർക്കും സ്വീകാര്യമായ ' ' ദൈവമേ ' എന്നു മാത്രമാണ് ഗുരു സംബോധന ചെയ്യുന്നത്. എല്ലാവരുടെയും ദൈവം ഒന്നാണെന്ന സൂചന ഇവിടെ തെളിഞ്ഞു കാണാം. ' എന്നെ രക്ഷിക്കേണമേ ' എന്നല്ല പറയുന്നത്. ഞങ്ങളെ രക്ഷിക്കണമെന്നാണ് പ്രാർഥിക്കുന്നത്. പ്രാർഥന തനിക്കു വേണ്ടിയല്ല , എല്ലാവർക്കും വേണ്ടിയാണെന്ന സങ്കല്പമാണ് ഗുരുവിനുള്ളത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ അന്നവും വസ്ത്രവും യാതൊരു മുട്ടും കൂടാതെ തന്ന് ഞങ്ങളെ രക്ഷിച്ചു പോരുകയും ധന്യരാക്കുകയും ചെയ്യുന്ന നീയൊന്നു മാത്രമാണ് ഞങ്ങൾക്കു തമ്പുരാനായിട്ടുള്ളത് എന്നും ഗുരു പറയുന്നു.

ജാതിയുടെയും മതത്തിന്റെയും വസ്ത്രധാരണത്തിന്റെയും ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതിന്റെയും പേരിൽ നടക്കുന്ന കലാപങ്ങളും ദുരഭിമാനക്കൊലകളും പതിവായിരിക്കുന്ന വർത്തമാനകാല സമൂഹത്തിൽ ഗുരുവിന്റെ ദർശനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അവ ആഴത്തിൽ ഉൾക്കൊള്ളേണ്ടതും പ്രചരിപ്പിക്കേണ്ടതും ഓരോ വ്യക്തിയുടെയും കടമയാണ്.

✅ 25 . ഉല്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടമെന്ന നിലയിൽ ' അവകാശങ്ങളുടെ പ്രശ്നം ' എന്ന കഥയെ വിലയിരുത്തുക

🌹 പലതരത്തിലുള്ള വായനകൾ സാധ്യമായ ഒരു കഥയാണ് പി പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം'. ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടം കഥയിൽ കേന്ദ്ര പ്രമേയമായി കടന്നുവരുന്നു.

മരിച്ചവരുടെ ഛായാചിത്രങ്ങൾ മാത്രം വിൽക്കുന്ന തെരുവിലേക്ക് നട്ടുച്ചക്ക് വിയർത്ത് കിതച്ചെത്തുന്ന ദിവാകരൻ സ്വന്തം മാതാപിതാക്കളുടെ ചിത്രമാണ് അന്വേഷിക്കുന്നത്. തെരുവിന്റെ ഇരുഭാഗത്തുമുള്ള കടകളിൽ തൂക്കിയിട്ടിരിക്കുന്ന അസംഖ്യം ഛായാപടങ്ങളിൽ തന്റെ വേണ്ടപ്പെട്ടവരെ തിരഞ്ഞ് നിരാശനാവുകയാണ് ദിവാകരൻ. ഉൽപ്പന്നങ്ങളുടെ പെരുക്കത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവായി ദിവാകരൻ മാറുന്നു. കടയിൽ തൂക്കിയിട്ടിരിക്കുന്ന അസംഖ്യം ചിത്രങ്ങൾ ദിവാകരനെ അന്ധാളിപ്പിക്കുന്നു. ഫോട്ടോ തിരയുമ്പോൾ ദിവാകരന് അനുഭവപ്പെടുന്ന പരിഭ്രമവും നിരാശയും ഇത് വ്യക്തമാക്കുന്നു.

രാപ്പകൽ ഭേദമില്ലാതെ എപ്പോഴും തുറന്നുവച്ചിരിക്കുന്ന കടകളിലെ എണ്ണിത്തിട്ടപ്പെടുത്താനാകാത്ത ഉൽപ്പന്നങ്ങളുടെ പെരുക്കം ദിവാകരനെ പരിഭ്രമിപ്പിക്കുകയും നിരാശനാക്കുകയും ചെയ്യുന്നു. ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ തനിക്ക് വേണ്ടപ്പെട്ട ചിത്രങ്ങൾ ഏതെന്നറിയാതെ ദിവാകരൻ കുഴഞ്ഞു പോകുന്നു. ഛായാ പടങ്ങൾക്ക് കൂടുതൽ മിഴിവേകാൻ കച്ചവടക്കാർ അവരവരുടെ ഭാവനാവിലാസമനുസരിച്ച് കടകളിൽ നിറച്ച കൃത്രിമമായ വെളിച്ചവും ദിവാകരനെ കബളിപ്പിക്കുന്നുണ്ട്. സമുദ്രം പോലെ പടർന്നുകിടക്കുന്ന ഛായാചിത്രങ്ങളുടെ പെരുക്കം ദിവാകരന്റെ ആത്മവിശ്വാസത്തെ ഉലയ്ക്കുകയും ദിവാകരനെ തളർത്തുകയും ചെയ്യുന്നുണ്ട്.

ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ തനിക്കാവശ്യമുള്ള മുഖങ്ങൾ തന്നെ ദിവാകരൻ മറന്നുപോയി എന്ന് കഥാകൃത്ത് കഥയിൽ സൂചിപ്പിക്കുന്നുണ്ട്. ഇങ്ങനെ ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടം 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ വളരെ കൃത്യമായി ആവിഷ്കരിച്ചിരിക്കുന്നു.

✅ 26 . ' നളനില്ലപരാധം പോൽ
ഉണ്ടെന്നാകിലും
കുലനാരിക്കരുത് കോപം പോൽ '
– വ്യവസ്ഥാപിതമായ നിർദ്ദേശങ്ങൾക്കനുസൃതമായി വേണം സ്ത്രീ ജീവിക്കാൻ എന്ന അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം എന്താണ് ?

HSSLiVE.IN

🌹 സഹധർമ്മിണി എന്ന പദമാണ് ഭാര്യ എന്ന വാക്കിന് പകരം ഭാരതീയ പുരാണങ്ങളിൽ മിക്കപ്പോഴും ഉപയോഗിക്കുന്നത്. ഭർത്താവിനൊപ്പം ധർമ്മം ചെയ്ത് ജീവിക്കുന്നവൾന്നവൾ എന്നർത്ഥം . ഭർത്താവിന്റെ ധർമ്മങ്ങളിൽ അയാൾക്ക് കൂട്ടാളിയാണ് ഭാര്യ എന്ന ചിന്തയാണ് നമ്മുടെ പുരാണങ്ങൾ പ്രചരിപ്പിച്ചത്. അത് തന്നെയാണ് നമ്മുടെ കുലനാരീ സങ്കല്പത്തെ രൂപപ്പെടുത്തിയതും.

സ്ത്രീരത്നങ്ങൾ എന്ന് നമ്മുടെ പുരാണങ്ങൾ കൊണ്ടാടിയവരെല്ലാം പുരുഷാധികാരത്തിന്റെ താന്തോന്നിത്തത്തിന് വഴങ്ങിക്കൊടുത്തവരും അതിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചവരുമാണ്. ആ ദുരനുഭവങ്ങൾ ക്ഷമയോടെ അംഗീകരിച്ച് അനുഭവിക്കുക തങ്ങളുടെ ധർമ്മമാണെന്ന് വിശ്വസിച്ചവരാണവർ. സീതയും പാഞ്ചാലിയും ഗാന്ധാരിയും കുന്തിയും ശീലാവതിയും ശകുന്തളയും ദമയന്തിയും എല്ലാം പുരുഷാധികാരത്തിന്റെ നടപ്പുശീലങ്ങൾക്ക് വഴങ്ങിക്കൊടുത്തവരാണ്. ഉണ്ണായി വാര്യരുടെ ' നളചരിത' ത്തിൽ നളന്റെ വാക്കുകളായി കേശിനീ പറയുന്ന 'നളനില്ലൊരപരാധം പോൽ ..... ' എന്ന വാക്കുകളിൽ മുഴങ്ങുന്നതും ഈ നടപ്പുശീലം തന്നെയാണ്. നളൻ തെറ്റ് ചെയ്താൽപ്പോലും കുലനാരിയായ ദമയന്തി കോപിക്കരുത് – എന്ന വ്യവസ്ഥയിൽ പെണ്ണിനെ കുടുക്കിയിടുകയാണ് ചെയ്തത്. അത് അവളുടെ കുലനാരിത്വത്തിന് ചേരില്ലത്രേ.

സ്ത്രീയിൽ അടിച്ചേൽപ്പിച്ച കുലസ്ത്രീ സങ്കല്പം ഇന്ത്യൻ സ്ത്രീത്വത്തെ തലമുറകളായി പുരുഷന്റെ കാൽച്ചുവട്ടിൽ കെട്ടിയിട്ടു എന്നതാണ് ചരിത്രം പഠിപ്പിക്കുന്നത്. പെണ്ണിന്റെ അടിമ ജീവിതത്തിന് ന്യായീകരണമായി പുരുഷൻ തന്നെ സൃഷ്ടിച്ചതാണ് ഈ കുലനാരീ സങ്കല്പം.

✅ 27 . ' നല്ലനായിരിപ്പൻ നല്ലതു ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതു പോലെ '
– ഈ വരികളിലെ ആശയത്തെ ദയാബായിയുടെ ജീവിതാനുഭവങ്ങളോടു ചേർത്തുവച്ച് ഒരു ലഘു പ്രഭാഷണം രചിക്കുക

മധ്യപ്രദേശിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയാണ് ദയബായ് എന്ന മേഴ്സി മാത്യു.

കന്യാസ്ത്രീ ആവാൻ ആഗ്രഹിച്ച ഉന്നത ബിരുദധാരിയായ ദയാബായി, തനിക്ക് ലഭിക്കുമായിരുന്ന ഉയർന്ന ഉദ്യോഗവും ജീവിതസാഹചര്യങ്ങളും ഉപേക്ഷിച്ചു കൊണ്ടാണ് തന്റെ ജീവിതം ദുരിതമനുഭവിക്കുന്നവർക്കായി മാറ്റിവെച്ചത്. ദുരിതപൂർണമായ ജീവിതം നയിക്കുന്ന മനുഷ്യരുടെ ജീവിത സാഹചര്യങ്ങൾ അവരെ അലട്ടുകയും സുഖപ്രദമായ സാഹചര്യങ്ങളിൽ തനിക്ക് ജീവിക്കാൻ കഴിയുകയില്ലെന്നും തിരിച്ചറിയുകയും ചെയ്ത സവിശേഷ വ്യക്തിത്വത്തിനുടമയാണ് ദയാബായ്.

ആദിവാസി–ഗോത്ര വിഭാഗങ്ങൾ, അവരിലൊരാളായാൽ മാത്രമേ തന്നെ അംഗീകരിക്കുകയുള്ളൂ എന്നു മനസ്സിലാക്കിയ ദയാബായി അവരുടെ വേഷവും ഭാഷയും ഭക്ഷണരീതിയും സ്വീകരിച്ച് അവരിലൊരാളായി.

ആരോരും തിരിഞ്ഞുനോക്കാത്ത ഗോത്രവർഗ്ഗക്കാർക്ക് വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും നിരന്തരം ചൂഷണത്തിനും പീഡനത്തിനും ഇരയായി കൊണ്ടിരുന്ന ഗോത്രവർഗ്ഗക്കാർക്ക് വേണ്ടി നിരവധി നിയമ പോരാട്ടങ്ങൾ നടത്തുകയും ചെയ്തു ദയബായ്. ദയാബായിയുടെ ഇത്തരം പ്രവർത്തനങ്ങൾ ഇരുളടഞ്ഞ ഗോത്രവർഗ്ഗക്കാരുടെ ജീവിതത്തിൽ വെളിച്ചം പരത്തുകയും അവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുകയും ചെയ്തു. ദയാബായിയുടെ ആത്മകഥയാണ് 'പച്ചവിരൽ'.

'നല്ലനായിരിപ്പവൻ നല്ലത് ഗ്രഹിച്ചിട്ടും വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നത് പോലെ' എന്ന എഴുത്തച്ഛന്റെ വരികളെ സാധൂകരിക്കുന്ന നിരവധി സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ദയാബായിയുടെ ജീവിതത്തിൽ നിന്ന് കണ്ടെത്താൻ സാധിക്കുന്നതാണ്. അതിലൊന്നാണ് ആരും ഏറ്റെടുക്കാനും ശുശ്രൂഷിക്കാനും തയ്യാറാകാതിരുന്ന നിരാലംബരായ ഒരു വൃദ്ധനെ അവർ ഏറ്റെടുക്കുന്ന സന്ദർഭം. അവശനായ വൃദ്ധനെ തന്റെ കൂടെയുള്ള ആരും പരിചരിക്കാൻ തയ്യാറാവാതിരുന്നപ്പോൾ ദയാബായി അദ്ദേഹത്തെ കൈവിടുന്നില്ല. താൻ കൂടി കൈവെടിഞ്ഞാൽ അദ്ദേഹത്തിന്റെ പരിചരണം ആരും ഏറ്റെടുക്കില്ല എന്ന് മനസ്സിലാക്കിയ ദയാബായി അദ്ദേഹത്തിന്റെ ശുശ്രൂഷ സന്തോഷത്തോടെ ഏറ്റെടുക്കുന്നു.

ഇത്തരത്തിൽ സഹായം ആവശ്യമുള്ളവരെ ചേർത്തു നിർത്തുകയും സഹായിക്കുകയും ചെയ്ത നിരവധി സന്ദർഭങ്ങൾ ദയാബായിയുടെ ജീവിതത്തിൽ കാണാവുന്നതാണ്.

28 . 'പാരിസ്ഥിതിക അവബോധം വളർത്തുന്ന കവിതയാണ് കിരാതവൃത്തം'– പ്രസ്താവനയുടെ സാധ്യത പരിശോധിക്കുക.

പടയണിയുടെ നാടോടിസംസ്കാര ശീലുകളിൽ അഭിരമിച്ച കടമ്മനിട്ടയുടെ രൗദ്രസുന്ദര കവിതയാണ് കിരാതവൃത്തം. പെറ്റുകിടക്കുന്ന പുലിയിൽ നിന്നാരംഭിക്കുന്ന ഈ കവിതയിൽ വന്യമായ ഒരു മാതൃബിംബം നിറഞ്ഞു നിൽക്കുന്നത് കാണാം.

തരിശാക്കപ്പെട്ട തന്റെ ആവാസവ്യവസ്ഥയിൽ നെഞ്ചുനീറി നിൽക്കുന്ന കാട്ടാളന് ഉള്ളിൽ അടങ്ങാത്ത പകയുണ്ട്. നെഞ്ചത്തു രോഷത്തിന്റെ പന്തം കത്തിച്ചു നിൽക്കുന്നത് അതുകൊണ്ടാണ്.

പ്രകൃതിയിൽ മനുഷ്യജീവിതം ആരോപിച്ചുകൊണ്ടു ചടുലമാകുന്ന കവിതയിൽ ജഡമായിപ്പോയ മലയും ആകാശവും കണ്ട് കാട്ടാളൻ നടുങ്ങുന്നു. ആകാശ വിസ്തൃതിയുള്ള തന്റെ പൈതൃകം ശ്മശാനമായിരിക്കുന്നു. ഭൂമിയുടെ മാറിടങ്ങളായ മലകൾ അരിഞ്ഞു വീഴ്ത്തപ്പെട്ടപ്പോഴുണ്ടായ പ്രകൃതിയുടെ കനൽവിളി, ചാട്ടുളിയായി കാട്ടാളന്റെ നെഞ്ചിൽ തറയ്ക്കുന്നു. അലകടലിൻ വേരുപറിക്കാൻ കുതറുന്ന കാട്ടാളനിൽ, നഷ്ടപ്പെട്ട ജൈവസന്തുലിതത്വത്തെ സംഹാരാത്മകമായി തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന കവിയെ നമുക്ക് കാണാം.

മഴനീരിനായി കാത്തിരിക്കുന്ന കാട്ടാളന്റെ പൂർവ്വകാല നിനവുകളും സൗന്ദര്യാത്മകമാണ്. പച്ചപ്പയ്യും, മുത്തങ്ങാപ്പുല്ലും, നിലാവിന്റെ കളമെഴുത്തുപാട്ടും, തുളസിക്കാടും, പ്രകൃതിയുടെ താളത്തിലലിഞ്ഞ കാടത്തികളുടെ നൃത്തവും കാട്ടാളനിൽ നഷ്ടബോധമുണർത്തുന്നു. തേൻകൂട്ട് തേടിപ്പോയ, പൂക്കുടനിറയ്ക്കാൻ പോയ കുഞ്ഞുങ്ങളുടെ തിരോധാനം കാട്ടാളനിൽ തീരാവേദനയുണർത്തുന്നു. ആ വേദന പ്രതികാരമായി മാറുന്നു.മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ പ്രകൃതിയും ഒരിക്കൽ പ്രതികരിക്കും എന്ന തിരിച്ചറിവാണ് ഇവിടെ നമുക്ക് കാണാനാവുന്നത്.വികസനത്തിന്റെ പേരിൽ നടത്തുന്ന ആസൂത്രിതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത കയ്യേറ്റങ്ങളും ഭൂമിയെ വേദനിപ്പിക്കുന്നതിന്റെ ഫലമാണ് പ്രളയമായും ഭൂകമ്പമായുമൊക്കെ നമ്മെ പിന്തുടരുന്നത്. അമ്മയായ പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കാട്ടാളനിലൂടെ കവി നമ്മോട് പറയുന്നു. ശുദ്ധീകരണത്തിലൂടെ ഭൂമിയുടെ ഉർവ്വരത വീണ്ടെടുക്കുന്ന പുതിയ സ്വപ്നം കാട്ടാളനിൽ ദുഃഖശമനമുണ്ടാക്കുന്നു. ഇത്തരത്തിൽ പാരിസ്ഥിതിക അവബോധം വളർത്തുന്ന കവിതയാണ് കിരാതവൃത്തം എന്നു കാണാം.

✅ 29 . അരങ്ങിൽ  വരാത്ത അഗ്നിവർണ്ണനെക്കുറിച്ച് മറ്റ് കഥാപാത്രങ്ങൾ നൽകുന്ന ചിത്രം അവതരിപ്പിക്കുക

🌹 തനത് നാടക ശൈലിയിൽ രചിച്ച നാടകമാണ് കാവാലം നാരായണപ്പണിക്കരുടെ 'അഗ്നിവർണ്ണന്റെ കാലുകൾ.' അധികാരത്തിന്റെ ജീർണ്ണതയ്ക്കെതിരെ ശബ്ദമുയർത്തിയ നാടകമാണിത്. ആറ് കഥാപാത്രങ്ങളും ഗായക സംഘവും രാജാവിന്റെ പ്രതീകമായ മരക്കാലും – അരങ്ങിൽ നാം കാണുന്നതിവരെയാണ്. അരങ്ങിൽ വരാത്ത അഗ്നിവർണ്ണനെക്കുറിച്ച് നല്ലൊരു ചിത്രം ലഭിക്കുന്നത് ഇവരിലൂടെയാണ്.

നാടകത്തിലുടനീളം പരാമർശിക്കുന്ന പേരാണ് അഗ്നിവർണ്ണ മഹാരാജാവിന്റേത്. ഒരിക്കൽപ്പോലും അരങ്ങിൽ പ്രത്യക്ഷപ്പെടാത്ത അഗ്നിവർണ്ണൻ ,  അരങ്ങിലെത്തുന്ന കഥാപാത്രങ്ങളിലൂടെ നാടകത്തിലാകെ നിറഞ്ഞു നിൽക്കുന്നുണ്ട്. മരക്കാലും തലയിലേറ്റി വരുന്ന വിദൂഷകനാണ് കണ്ടുകിട്ടാത്ത ദൈവമായ അഗ്നിവർണ്ണന്റെ അസാമാന്യവും അസുലഭവുമായ കാലുകളെ ആദ്യമായി പരിചയപ്പെടുത്തുന്നത്. പ്രജാവത്സലനായ രാജാവായി വാഴ്ത്തി, ആ സന്നിധിയിൽ വിശപ്പ് പോലും താണതരം കാര്യമാക്കി രാജാവിനെ വെള്ളപൂശി എടുക്കാൻ ഏറെ പരിശ്രമിക്കുന്നുണ്ട് വിദൂഷകൻ.

കൊത്തുവാൾ എന്ന നിയമരാമനിലൂടെ രാജാവിനെ കുറിച്ച് കൂടുതലറിയാൻ സാധിക്കുന്നുണ്ട് .അഗ്നിവർണ്ണ മഹാരാജാവിന് ഏറെ ഇഷ്ടം തൻ്റെ കുലത്തിലെ അത്യുന്നതനായിരുന്ന ശ്രീരാമചന്ദ്രന്റെ പേര് കൂടെ കൂട്ടി എല്ലാവരും അറിയപ്പെടുന്നതാണ്. പ്രജാക്ഷേമതൽപരനായ ശ്രീരാമന്റെ ആദർശങ്ങൾ പ്രാവർത്തികമാക്കാതെ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ലാത്ത  പ്രകടനങ്ങൾ നടത്തുന്ന ഭരണാധികാരി തൻകാര്യലാഭം മാത്രമാണ് ലക്ഷ്യമാക്കുന്നതെന്ന കൃത്യമായ സൂചന ഇവിടെ നിന്നും ലഭിക്കുന്നുണ്ട് . രാജാവിനെ ഒരു തവണയെങ്കിലും ഒന്ന് കാണണം എന്ന തീവ്ര മോഹവുമായി എത്തുന്ന കേവലരാമൻ , രാജാവിനെയും ഭരണത്തെയും കുറിച്ച് നല്ല ധാരണയുള്ള ചിന്താരാമൻ, ഭരണമെന്നാൽ തന്റെ കയ്യിലെ ദണ്ഡിനാൽ അമർച്ച ചെയ്യാനുള്ളതാണെന്ന് വിശ്വസിക്കുന്ന കൊത്തുവാൾ, തിരുവെഴുത്തെല്ലാം തന്റെ അധീനതയിൽ ആണെന്ന് വിശ്വസിക്കുന്ന രാജഗുരു, ഇവരിൽ നിന്നെല്ലാം രാജാവിനെ കുറിച്ച് ഭംഗിയായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട് .

ധാരാളം പുസ്തകം തിന്നു തീർത്ത, വായുണ്ടെങ്കിലും  വായിക്കാനാൻ നേരമില്ലാതെ അതിനായി വേറൊരാളെ നിയമിച്ച രാജാവ് എന്ന കൊത്തുവാളിന്റെ പരാമർശത്തിൽ നിന്നും രാജാവിന്റെ ഇന്ദ്രിയങ്ങൾക്ക് പിടിപ്പത് പണിയുണ്ട് എന്ന് പറഞ്ഞ രാജഗുരുവിൽ നിന്നും ഇന്ദ്രിയഭോഗത്തിന്റെ പാരമ്യത്തിൽ നിൽക്കുന്ന രാജാവിന്റെ ചിത്രം തെളിഞ്ഞ് കിട്ടുന്നു. രാജാവ് ജീവിച്ചിരിപ്പുണ്ടോ എന്ന ചോദ്യം ഉന്നയിക്കുന്ന കേവല രാമന് , കഷ്ടിച്ച് ജീവിച്ചിരുപ്പുണ്ട് എന്ന് വിദൂഷകനും ഇന്ദ്രിയങ്ങൾ മരിച്ച് ജീവിക്കുന്നു എന്ന് ചിന്താരാമനും  മറുപടി  നൽകുന്നു . ഇതെല്ലാം വിരൽ ചൂണ്ടുന്നത് ഒന്നിനോടും പ്രതിബദ്ധതയില്ലാത്ത , കർത്തവ്യം മറന്ന ഒരു ഭരണധികാരിയിലേക്കാണ്.സാധാരണ ജനങ്ങളുടെ ക്ഷേമകാര്യങ്ങളെ നിർദ്ദയം  അവഗണിക്കുന്ന ഭരണവ്യവസ്ഥയുടെ മൂർത്ത ചിത്രവും ഇവിടെ കാണാം

HSSLiVE.IN

✅ 30 . കലാമണ്ഡലത്തിലെ സഹ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സമീപനത്തെക്കുറിച്ച് ഹൈദരലിയുടെ ഓർമ്മകൾ എന്തൊക്കെയാണ്?

🌹 കഥകളി സംഗീത ലോകത്തെ വിസ്മയമായ കലാമണ്ഡലം ഹൈദരലി, അവഗണനയും പരിഹാസവും അനുഭവിച്ച് വളർന്നു വന്ന കലാകാരനാണ്. ആത്മകഥയായ 'മഞ്ജുതരം ' ത്തിൽ നിന്നും എടുത്തിട്ടുള്ള   ' പദത്തിൻ്റെ പഥത്തിൽ 'എന്ന ഭാഗത്ത് ജാതിമതങ്ങൾക്കതീതമാണ് കല എന്ന് ജീവിതം കൊണ്ട് അടയാളപ്പെടുത്തിയ വലിയ കലാകാരനെ അറിയാൻ സാധിക്കുന്നു.

ജനനത്തിനും വളർച്ചയ്ക്കുമിടയിൽ പലതരം അവഗണനകൾ നേരിട്ടിരുന്നു ഹൈദരലി . സംഗീതത്തോടുള്ള വാസന കലാമണ്ഡലത്തിൽ എത്തുന്നതിന് നിമിത്തമായി. ഭയാശ്ചര്യങ്ങളോടെ അവിടെയ്ക്ക് ചെന്ന ഹൈദരലിയെ മാപ്ല ചെക്കനെന്ന നിലയിൽ സഹ വിദ്യാർത്ഥികൾ വച്ച് പുലർത്തിയ അകൽച്ച ഏറെ വേദനിപ്പിച്ചു. മെസ്സിലും ക്ലാസ്സിലും സഹപാഠികൾ നല്ലൊരു ഗ്യാപ്പ് പുലർത്തിയിരുന്നു. സഹവിദ്യാർത്ഥികളുടെ ഇത്തരം അകൽച്ച കുഞ്ഞു ഹൈദറെ ഏറെ വേദനിപ്പിച്ചു.

എന്നാൽ സംഗീതത്തിലെ അസാധാരണ കഴിവ് തിരിച്ചറിഞ്ഞ ഗുരുക്കന്മാരായ ശിവരാമനാശാനും നീലകണ്ഠൻ നമ്പീശനാശാനും ഹൈദരിനെ ഏറെ പരിഗണിച്ചിരുന്നു. ആലാപന വഴിയ്ക്കും അഭ്യസന വഴിയ്ക്കും വ്യത്യസ്ത പുലർത്തിയിരുന്ന ഈ അദ്ധ്യാപകർക്ക് ,പാട്ട് വേഗം പഠിക്കുന്ന ഹൈദറിനോട് വലിയ സ്നേഹമായിരുന്നു. വീട്ടിൽ പോകാൻ കാശില്ലാതെ വിഷമിക്കുന്ന അവസരത്തിൽ കാശ് നൽകിയും, മറ്റ് ആവശ്യങ്ങൾക്ക് പോകുമ്പോൾ ക്ലാസ്സ് എടുക്കാൻ ഹൈദരിനെ വിശ്വസിച്ചേൽപ്പിച്ചും പോകുന്നതിൽ നിന്ന് അദ്ധ്യാപകരുടെ സമീപനം മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്.

✅ 31. സാമൂഹിക മാധ്യമങ്ങളുടെ പ്രചാരം ജനാധിപത്യബോധത്തെ ശക്തിപ്പെടുത്തി എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

🌹 യോജിക്കുന്നുണ്ട് . അറിവുകളും വിവരങ്ങളും തത്സമയം നമുക്ക് ലഭിക്കുന്നതിനും , അവയോട് പ്രതികരിച്ചും അല്ലാതെയും സ്വാതന്ത്ര്യാവിഷ്കാരം നടത്തുന്നതിനുമുള്ള സൈബർ ഇടമാണ് നവമാധ്യമങ്ങൾ. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ടിറ്റർ, ടെലിഗ്രാം തുടങ്ങിയ  പുതിയ മാധ്യമങ്ങളുടെ ഏറ്റവും വലിയ ശക്തി അത് സൃഷ്ടിച്ച ജനാധിപത്യ പരിസരമാണ്.

ആരെയും നിരന്തരമായ നിരീക്ഷണത്തിനും വിചാരണയ്ക്കും അത് വിധേയമാക്കുന്നു. ചരിത്രം തിരഞ്ഞ് വസ്തുതകളുടെ പിൻബലത്തോടെ മർമ്മത്ത് കൊള്ളുന്ന ചോദ്യം ചോദിക്കാനും മാധ്യമസൃഷ്ടിയെന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്നവരെ തുറന്നു കാട്ടാനും ഇന്റർനെറ്റ് വിവരപ്പുരകൾ സാധാരണക്കാരനെ പ്രാപ്തനാക്കുന്നു. സമകാലികമായി നോക്കുകയാണെങ്കിൽ പ്രളയം,  കൊറോണ ഇവയൊക്കെ വന്നപ്പോഴും  അധികാരികളുടെയും വിദഗ്ധരുടെയുമെല്ലാം അറിയിപ്പുകളും നിർദ്ദേശങ്ങളും ജനങ്ങളെ അറിയിക്കാൻ നവമാധ്യമ വേദി കുറച്ചൊന്നുമല്ല സഹായകമായത്. കുറച്ച് മുൻപ് വരെ അച്ചടി- ദൃശ്യമാധ്യമങ്ങളിൽ വളരെ ചെറിയ ഒരു ശതമാനം ബുദ്ധിജീവികൾ, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ തുടങ്ങി ഒരു വിഭാഗത്തിന് മാത്രമേ ആശയപ്രകാശനത്തിന് അവസരം ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഇന്ന് ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായ സ്വത്വബോധവും ജനാധിപത്യബോധവും  ജനങ്ങൾക്കിടയിലുണ്ടാവുകയും യാതൊരു വേർതിരിവും ഇല്ലാതെ അഭിപ്രായ പ്രകടനം സാധ്യമാവുകയും ചെയ്യുന്നു.

എന്നാൽ കപട വാർത്തകളും തെറ്റായ സന്ദേശങ്ങളും ഒരു പോരായ്മയായി തുടരുകയും ചെയ്യുന്നു. ലോകത്തിന്റെ ഏതു മൂലയിലും ഉടലെടുക്കുന്ന വാർത്താ ശകലങ്ങൾ ലോകം മുഴുവൻ വ്യാപരിക്കുന്നത് ആർക്കും തടഞ്ഞു നിർത്താൻ പറ്റാത്ത അവസ്ഥയാണിന്ന്.

പോരായ്മകൾ ഒട്ടനവധി ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും , സാമൂഹ്യ മാധ്യമങ്ങൾ സാധ്യമാക്കിയ ജനാധിപത്യ ബോധം ഏറെ വിലമതിക്കേണ്ടതു തന്നെയാണ്.

✅ 32. ' കൈയൊപ്പില്ലാത്ത സന്ദേശം ' എന്ന പാഠഭാഗത്തെ ടി പി ശ്രീധരൻ എന്ന കഥാപാത്രത്തിന്റെ ജീവിതത്തിൽ പ്രതീതിയാഥാർത്ഥ്യം സൃഷ്ടിച്ച മാറ്റങ്ങൾ എന്തൊക്കെയാണ് ?

🌹 ആധുനികതയും അസ്തിത്വദർശനവും മലയാളികൾക്ക് സ്വാനുഭവമായി മാറിയത് എം.മുകുന്ദന്റെ കൃതികളിലൂടെയാണ്. കാലത്തിന്റെ മാറുന്ന സ്പന്ദനങ്ങളെ സൂക്ഷ്മമായി ഒപ്പിയെടുക്കുന്ന എഴുത്തുകാരനാണ് മുകുന്ദൻ. ഇന്റർനെറ്റും സൈബർ ഇടവും വിർച്വൽ റിയാലിറ്റിയും സൈബർ പേഴ്സണാലിറ്റിയും ഒക്കെ നമ്മുടെ നിത്യജീവിത യാഥാർത്ഥ്യങ്ങളായി മാറാൻ തുടങ്ങിയപ്പോൾ എം.മുകുന്ദൻ എഴുതിയ നോവലാണ് നൃത്തം. യാഥാർത്ഥ്യവും പ്രതീതിയാഥാർത്ഥ്യവും ( റിയൽ വേൾഡും വിർച്വൽ വേൾഡും ) തമ്മിലുള്ള സംഘർഷം ഈ നോവലിന്റെ അന്തർധാരയാണ്.

കയ്യൊപ്പില്ലാത്ത ഇ മെയിൽ സന്ദേശത്തിലൂടെ ടി.പി ശ്രീധരന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന അഗ്നിയുടെ കഥ പറയുന്ന നൃത്തം എന്ന നോവലിൽ സൈബർ ജീവിതം വ്യക്തി ജീവിതത്തെ എങ്ങനെ മാറ്റിമറിക്കുന്നു എന്ന് കാണാം. ഇന്റർനെറ്റിൽ ഒരു മേൽവിലാസം ഉണ്ടായപ്പോൾത്തന്നെ ശ്രീധരന്റെ ജീവിതചര്യകളെ അത് സ്വാധീനിക്കാൻ തുടങ്ങി. സൈബർ ജീവിതത്തിന്റെ രീതിയിലേക്ക് അയാളുടെ ജീവിതം പരിവർത്തനം ചെയ്തു. സൈബർ ലോകത്ത് ചുമ്മാ അലഞ്ഞ് തിരിയുന്നതും അവിടെ തനിക്കുള്ള സന്ദേശങ്ങൾ തിരയുന്നതും അയാൾക്ക് ശീലമോ അസക്തിയോ ആയി. രാവിലെ ഉണർന്ന് പല്ലുതേച്ച് ചായ കടിച്ച് പത്രം വായിച്ചിരുന്ന പതിവുശീലമുപേക്ഷിച്ചു. ഉണർന്നാലുടനെ കമ്പ്യൂട്ടറിന് മുന്നിലിരുന്നു ഇന്റർനെറ്റിൽ മുങ്ങിത്തപ്പൽ പുതിയ ശീലമായി. സന്ദേശം തിരയലും ഇന്റർനെറ്റിൽ വാർത്ത വായനയും  ചായ കുടിയും പ്രാതലും കഴിഞ്ഞായി പല്ലു തേപ്പ് . കുളിരു തുടങ്ങിയാൽ കുളിയും ഇല്ലെന്നായി. കുളിക്കാതെ ഡി ഓഡറന്റും പൂശി ഓഫീസിൽ പോകുന്നതായി പുതിയ ശീലം. ശരീരം വൃത്തിയായിരുന്നാൽ കുളിക്കേണ്ടതില്ല എന്ന ന്യായീകരണവും അയാൾ കണ്ടെത്തി.

കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്ത ശേഷമാണ് ടി പി ശ്രീധരന്റെ ജീവിതം ഇത്തരത്തിൽ മാറി മറിഞ്ഞത്.

HSSLIVE.IN

❤️ **33 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . 💡 8 സ്കോർ വീതം ✅ ( 4 x 8 = 32 )**

✅ 33 . മനുഷ്യജീവിതാവസ്ഥകൾ ലോകത്തെവിടെയും ഒരുപോലെയാണെന്നു പറഞ്ഞുതരികയാണ് വിവർത്തന കൃതികൾ ചെയ്യുന്നത്.' പ്രകാശം ജലം പോലെയാണ്' എന്ന കഥയെ ആസ്പദമാക്കി വിശദീകരിക്കുക.

🌹 പ്രതികൂലസാഹചര്യങ്ങളിലും ഭാവനാത്മകമായ ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിക്കുന്ന മനുഷ്യരാണ് ഗാബിയേൽ ഗാർസിയ മാർക്വേസിന്റെ ' പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കഥാപാത്രങ്ങൾ. മുതിർന്നവർക്കൊപ്പം നഷ്ടലോകങ്ങളെ തിരിച്ചു പിടിക്കാൻ ശ്രമിക്കുന്നവരാണ് കുട്ടികളും. ജനിച്ച നാട്ടിൽ നിന്നും പലായനം ചെയ്യേണ്ടി വരുന്ന ജനതയുടെ ജീവിതാവസ്ഥകളും അതിജീവന വ്യഗ്രതയും ഏറെ വേദനിപ്പിക്കുന്നതാണ്. ഇത്തരം പ്രയാണങ്ങൾ ഏറെ ബാധിക്കുന്നത് സ്ത്രീകളെയും കുട്ടികളെയുമായിരിക്കും. മുതിർന്നവർ ജീവിതത്തിന്റെ ഒഴുക്കിൽ മുന്നോട്ട് നീങ്ങുമ്പോഴും കുട്ടികൾക്ക് നഷ്ടപ്പെടുന്ന ലോകത്തിന്റെ വ്യാപ്തി വളരെ വലുതാണ്.

ടോട്ടോ, ജോവൽ എന്നീ രണ്ടു കുട്ടികളെ ചുറ്റിപ്പറ്റിയാണ് കഥ നീങ്ങുന്നത്. ഒരു മുറ്റവും ഉൾക്കടലിനോട് ചേർന്ന് ബോട്ടുകളടുപ്പിക്കുവാനുള്ള സ്ഥലവുമുണ്ടായിരുന്ന കാട്ജിനെ ഇന്ത്യാസിലെ അവരുടെ വീടിന്. കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള ആ തുറമുഖ നഗരത്തിൽ നിന്ന് അവർ പറിച്ചു മാറ്റപ്പെടുന്നു. യൂറോപ്യൻ പരിഷ്കൃത നഗരമായ മാഡ്രിഡിൽ വന്നകപ്പെട്ട കുട്ടികൾ തങ്ങൾക്ക് നഷ്ടപ്പെട്ട ലോകം തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. കടലിന്റെയും മുറ്റത്തിന്റെയും വിശാലതയിൽ നിന്നും ചലനാത്മകതയിൽ നിന്നും ഫ്ലാറ്റിന്റെ കൃത്യതയിലേയ്ക്കും നിശ്ചലതയിലേയ്ക്കും എത്തിച്ചേരുന്ന കുട്ടികളിലൂടെ പ്രവാസത്തിന്റെ നൊമ്പരവും സമരസപ്പെടലും കഥയിൽ ആവിഷ്കരികരിച്ചിരിക്കുന്നു. ഇടുങ്ങിയ ചുവരുകൾക്കുള്ളിൽ കിടന്ന് ശ്വാസം മുട്ടിയ അവർ തങ്ങളുടെ ലോകത്തെ മാന്ത്രികമായ ഭാവനയിലൂടെ യാഥാർത്ഥ്യമാക്കുന്നു. വിട്ടു പോരേണ്ടി വന്ന നാട്ടിലേയ്ക്ക് തിരിച്ചു ചെല്ലണമെന്ന അവരുടെ തീവ്രമായ ആഗ്രഹമാണ് മായാ മനോജ്ഞമായ ഒരു ലോകം സൃഷ്ടിക്കാൻ അവരെ പ്രാപ്തരാക്കുന്നത്.

കോളനിവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ മനുഷ്യ ജീവിതത്തിൽ ഏല്പിക്കുന്ന ആഘാതം അതിഭീകരമായിരിക്കും. തദ്ദേശീയരായ ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ടായിരിക്കും കൊളോണിയൽ ആധിപത്യം നടപ്പാക്കുക. പലപ്പോഴും നാട്ടുകാർ പലായനം ചെയ്യപ്പെടുന്നു. പിറന്ന വീടും വളർന്ന നാടും ഉപേക്ഷിച്ച് പോകേണ്ടിവരുന്നവരുടെ അവസ്ഥ എല്ലാ മനുഷ്യരിലും ഒരു പോലെയായിരിക്കുമെന്നതിൽ തർക്കമില്ല. കോളനിവൽക്കരണം മാത്രമല്ല വംശ വർഗ്ഗീയ ആഭ്യന്തര കലാപങ്ങളും പലായനങ്ങൾക്ക് കാരണമാകാറുണ്ട്. റോഹിംഗ്യൻ മുസ്ലീങ്ങളുടെയും സിറിയൻ കുർദ്ദിഷുകളുടെയുമൊക്കെ പ്രശനങ്ങൾ ലോക ശ്രദ്ധ നേടിയവയാണ്.2015 ൽ മെഡിറ്ററേറിയൻ തീരത്ത് കാണപ്പെട്ട മൂന്നുവയസ്സുകാരനായ അലാൻ കുർദിയുടെ മൃതദേഹം ലോകമനഃസ്സാക്ഷിയെ വേദനിപ്പിച്ചതായിരുന്നു.

ജൈവികവും ചലനാത്മകവുമായ ജീവിത പരിസരങ്ങൾ ഉപേക്ഷിക്കപ്പെട്ടു പോകുന്നവന്റെ വൈകാരികത ലോകത്തെവിടെയും ഒന്നു തന്നെയായിരിക്കും. അതിജീവനത്തിനായി നാട്ടുവിട്ടുന്നവനും കലാപങ്ങളിൽ നിന്ന് രക്ഷനേടാനായി പലായനം ചെയ്യുന്നവനും അനുഭവിക്കുന്ന യാതനകളും സംത്രാസവും ഒരു പോലെയാകുന്നു. പറിച്ചുമാറ്റപ്പെട്ടവന്റെ സംഭ്രമവും വേദനയും അതിൽ നിന്നുള്ള മോചനവും ആ വിഷ്കരിക്കുന്ന തോടൊപ്പം മനുഷ്യ ജീവിതാവസ്ഥകളുടെ സമാനതകളും കഥയിൽ സൂചിതമാകുന്നു.

✅ 34 . ബാഹുകവേഷധാരിയായി കൊട്ടാരത്തിലെത്തിയത് നളനാണെന്നു തീർച്ചപ്പെടുത്താൻ കേശിനി നടത്തുന്ന പ്രയത്നം വിശദീകരിച്ച് ആ കഥാപാത്രത്തിന്റെ സവിശേഷതകൾ വിലയിരുത്തുക

🌹 ആട്ടക്കഥകൾ ആയിരക്കണക്കിന് ഉണ്ടെങ്കിലും നളചരിതം പോലെ മഹത്തായ ആട്ടക്കഥ അതൊന്നേ ഉള്ളൂ. ആടാനും പാടാനും വായിച്ച് രസിക്കാനും പറ്റിയ കൃതി. തികഞ്ഞ നാടകീയത, വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, മനുഷ്യ ജീവിത സംഘർഷങ്ങളുടെ സൂക്ഷ്മാവതരണം, വെറുതെയല്ല നളചരിതത്തെ കേരളശാകുന്തളം എന്ന് പറയുന്നത്.

നളചരിതം ആട്ടക്കഥയിലെ ചെറിയ കഥാപാത്രങ്ങൾ പോലും മിഴിവുള്ള വ്യക്തിത്വങ്ങളാണ്. വെറും സേവക കഥാപാത്രങ്ങളായ പർണാദൻ , സുദേവൻ , കേശിനി എന്നിവർ പോലും അവിസ്മരണീയ കഥാപാത്രങ്ങളാണ്. ദമയന്തിയുടെ തോഴിയായ കേശിനി ഏതാനും രംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രമാണ്. പക്ഷേ വ്യക്തിത്വ സവിശേഷത കൊണ്ട് അവൾ പൂർണതയുള്ള കഥാപാത്രമാവുന്നു. സത്യസന്ധത, ആത്മാർത്ഥത, സൂക്ഷ്മനിരീക്ഷണ പാടവം, മനശാസ്ത്രബോധം, പരഹൃദയജ്ഞാനം, രഹസ്യം സൂക്ഷിക്കാനുള്ള കഴിവ് എന്നീ ഗുണങ്ങൾ ഒന്നു ചേർന്ന ഉത്തമയായ തോഴിയാണ് കേശിനി .

ബാഹുകനെ വിദർഭയിൽ എത്തിക്കാനുള്ള രഹസ്യ പദ്ധതിയിൽ പങ്കാളിയായ കേശിനി ദമയന്തിയോട് തികഞ്ഞ ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുന്നു. തങ്ങളുടെ രഹസ്യപദ്ധതി വിജയത്തിലെത്തിക്കാൻ വേണ്ടതെല്ലാം ചെയ്യുകയും ആ രഹസ്യം സൂക്ഷിക്കുകയും ചെയ്യുന്നു.

ബാഹുകന്റെ രഹസ്യങ്ങൾ അറിയാൻ ഒളിവിലും തെളിവിലും കേശിനി നടത്തുന്ന നീക്കങ്ങളിൽ തന്ത്രശാലിയും സൂക്ഷ്മ ബുദ്ധിയുമായ തോഴിയെ കാണാം. കളിമട്ടിൽ ബാഹുകനോട് സംസാരിക്കുമ്പോൾ അയാളുടെ

HSSLIVE.IN

പ്രതികരണങ്ങൾ മനശാസ്ത്രബോധത്തോടെ വിശകലനം ചെയ്ത് ഉള്ളിലിരുപ്പ് ഊഹിക്കുന്ന സൂക്ഷ്മ നിരീക്ഷണ പടുത്വം കേശിനിയിൽ കാണാം.

ഒളിച്ചു നിന്ന് ബാഹുകനെ നിരീക്ഷിക്കുമ്പോഴും കാഴ്ചകളുടെ കൗതുകത്തിനപ്പുറം രഹസ്യങ്ങളിലേക്കാണ് കേശിനിയുടെ ശ്രദ്ധ പതിയുന്നത്. ബാഹുകനിൽ കാണുന്ന നളനെ തിരിച്ചറിയാൻ അവൾക്ക് ഒരു വിഷമവും ഉണ്ടായില്ല. നളന് കിട്ടിയ  വരപ്രസാദമാണ് ബാഹുകനിൽ കാണുന്നതെന്ന് അവളുടെ സൂക്ഷ്മദൃഷ്ടികൾ കണ്ടെത്തുന്നു.

പൂമാതിനൊത്ത ചാരുതനോ – എന്നു സംബോധന ചെയ്തും ഫലിതമത്രേ പാർത്തോളമെന്നു ധൈര്യപ്പെടുത്തിയും ദമയന്തിയുടെ മനസിനെ ബലപ്പെടുത്തി നിർത്താൻ കേശിനി എന്ന തോഴി നടത്തുന്ന ശ്രമവും എടുത്ത് പറയണം.

പഴയ രാജകൊട്ടാരങ്ങളിലെ അന്തപ്പുരങ്ങളിൽ രാജകുമാരിമാരെ അമ്മയെപ്പോലെ സ്നേഹിച്ചും സംരക്ഷിച്ചും കളിക്കൂട്ടുകാരിയെപ്പോലെ തുണ നിന്നും പരിചരിച്ച സൈരന്ധ്രിമാരുടെ ഉത്തമ മാതൃകയാണ് നളചരിതം ആട്ടക്കഥയിലെ കേശിനി.

✅ 35 . ' അഗ്നിവർണ്ണന്റെ കാലുകൾ '  എന്ന നാടകത്തിന് അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തോടെ കൈവരുന്ന സാമൂഹിക മാനം എന്താണെന്ന് വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക;

🌹 അധികാരത്തിന് ചുറ്റും പറ്റിപ്പിടിച്ച് വളരുന്ന ദല്ലാളൻമാർക്കെതിരെ വിമർശനത്തിന്റെ ചാട്ടുളിയെറിയുന്ന ഒരു നാടകമാണ് കാവാലത്തിന്റെ ' അഗ്നിവർണ്ണന്റെ കാലുകൾ '. രാജാവ് എന്ന പ്രതീകത്തിനു ചുറ്റും താനാണ് കേമൻ എന്ന മട്ടിൽ കൊത്തു വാളും ,വിദൂഷകനും ,രാജഗുരുവും ഒക്കെ കടന്നു വരുന്നു . എല്ലാവർക്കും കാണപ്പെട്ട ദൈവമായ ,  എന്നാൽ ആർക്കും കാണാൻ കിട്ടാത്ത ദൈവമായ അഗ്നിവർണ്ണ രാജാവിന്റെ കാലുകളെ വണങ്ങാൻ വിദൂഷകൻ ജനങ്ങളെ ക്ഷണിക്കുന്നതോടെ തുടങ്ങുന്ന നാടകം അവസാനിക്കുന്നത് അടിച്ചുതളിക്കാരിയുടെ വരവോടെയാണ് .

അധികാരിയെ നേർവഴി നടത്തേണ്ട അനുചരസംഘം ഉപജാപകവൃന്ദമായി അധപ്പതിക്കുമ്പോൾ കുറേക്കാലം നിസ്സംഗതയോടെ സഹിച്ച ജനം ഒടുവിൽ ഉണർന്നെഴുന്നേൽക്കും. തിരുത്തൽ ശക്തിയായി അടിസ്ഥാനവർഗ്ഗത്തിൽ നിന്നു തന്നെ ഒരു പ്രതിനിധി വരും. അഗ്നിവർണ്ണന്റെ കാലുകളിലാകട്ടെ ആ അടിസ്ഥാനവർഗ്ഗ പ്രതിനിധി ഒരു സ്ത്രീ കൂടിയാണെന്നുള്ളത് ചരിത്ര നീതിയായി മാറുന്നു. അവളുടെ കയ്യിലുള്ള ആയുധമാകട്ടെ ചൂലാണ്. ചപ്പുചവറുകളും , മാറാലയുമൊക്കെ തൂത്തുകളഞ്ഞ് , വെള്ളം തളിച്ച് അധികാരത്തിന്റെ അകത്തളങ്ങൾ ശുദ്ധമാക്കാനാണ് അവളുടെ പുറപ്പാട്. തങ്ങളുടെ ശക്തി തിരിച്ചറിഞ്ഞ് ഉണരുന്ന അടിസ്ഥാന വർഗ്ഗത്തിൽ പ്രതീക്ഷ പുലർത്തിക്കൊണ്ടാണ് നാടകം അവസാനിക്കുന്നത്.

HSSLiVE.IN

ജനാധിപത്യ വ്യവസ്ഥിതിയിൽ താഴേത്തട്ടിലെന്ന് നമ്മൾ വിശ്വസിക്കുന്നവർ പുലർത്തുന്ന ഉയർന്ന പൗരബോധം ചിന്തിപ്പിക്കുന്നതാണ്. തങ്ങളുടെ കർത്തവ്യങ്ങൾ ചെയ്യാൻ ആരും പഠിപ്പിക്കേണ്ടതില്ല എന്ന വാക്കുകൾ തന്നെ ഇത് വ്യക്തമാക്കുന്നു. യഥാർത്ഥ പൗരശക്തി ഉണർന്നാൽ അധികാര ജീർണ്ണതകൾ ഇല്ലാതാകുമെന്നും , പുതിയൊരു ലോകം സൃഷ്ടിക്കപ്പെടുമെന്നും നമുക്ക് പ്രത്യാശിക്കാം.

✅ 36 . ചുവടെ ചേർക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ' ഗൗളിജന്മം ' എന്ന കഥയെ വിലയിരുത്തുക

# വൈകാരികത ചോർന്ന മനുഷ്യമനസ്സ്

# അന്ധവിശ്വാസങ്ങൾക്കു പിന്നാലെ പോകുന്ന സമൂഹം

# ചികിത്സാരംഗത്തെ കച്ചവടവൽക്കരണം

# പുരുഷാധിപത്യ സമൂഹം

🌹 സത്രീ ജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച പ്രശസ്ത എഴുത്തുകാരിയാണ് ഗ്രേസി. പ്രമേയം കൊണ്ടും അവതരണ രീതികൊണ്ടും വ്യത്യസ്തത പുലർത്തുന്ന ചെറുകഥയാണ് ഗൗളിജന്മം.

നഗരത്തിലെ ഒരു ആശുപത്രിയിൽ കഴിയുന്ന ഗൗളി ദമ്പതികളുടെ വീക്ഷണകോണിലൂടെയാണ് കഥ വികസിക്കുന്നത്. അപകടത്തിൽപ്പെട്ട് ആസന്ന മരണനായി കിടക്കുന്ന ഒരു യുവാവും അയാളുടെ കാൽക്കീഴിൽ ദുഃഖിതയായി ഇരിക്കുന്ന യുവതിയായ ഭാര്യയുമാണ് മറ്റു കഥാപാത്രങ്ങൾ.

ഇരുട്ട് കുത്തനെ പതിച്ചതുപോലെ മുറിയിലേക്ക് കടന്നു വരുന്ന സന്ദർശക ദുഃഖിതയായ യുവതിയുടെ ചുമലിൽ തട്ടുകയും നിനക്ക് ഇനിയും ജീവിതമുണ്ടെന്നും പ്രഗ്നന്റ് ആണെങ്കിൽ അബോർട്ട് ചെയ്യണമെന്നും ഉപദേശിക്കുന്നു. ഇതുകേട്ട് പെൺഗൗളി പ്രതിഷേധ സ്വരത്തിൽ ചിലയ്ക്കുന്നു.

തുടർന്ന് ഡോക്ടറും സംഘവും വരുന്നതുകണ്ട് ആൺഗൗളി ക്ഷോഭത്തോടെ പറയുന്നുണ്ട്. "ഇയാളാണ് ഈ യുവാവിനെ കൊലയ്ക്ക് കൊടുത്തത്" എന്ന്. മഞ്ഞപ്പിത്തത്തിന് ചികിത്സിക്കാൻ റഫർ ചെയ്യാത്തത് ഇയാളുടെ ഈഗോ മൂലമാണെന്ന്. തുടർന്ന് ആൺ ഗൗളി പൊൻകുന്നം വർക്കിയുടെ കിശോരലാൽ എന്ന കഥാപാത്രത്തെ കുറിച്ചും ബുദ്ധനെക്കുറിച്ചും ഒക്കെ സംസാരിക്കുന്നു. മുജ്ജന്മത്തിൽ താൻ ഒരു കഥാകൃത്ത് ആയിരുന്നു എന്നും ആൺഗൗളി പറയുന്നു. മുജ്ജന്മത്തെക്കുറിച്ച് തനിക്ക് യാതൊരു അറിവുമില്ലാത്തതിൽ പെൺഗൗളി വിഷമിക്കുന്നു.

പെട്ടെന്ന് മുറിയിൽ ഉയർന്ന നിലവിളിയിൽ നിന്ന് യുവാവ് മരിച്ചു എന്ന് തീർച്ചപ്പെടുത്തി. അയാളുടെ കുഞ്ഞിനെ അവൾ നശിപ്പിക്കുമെന്ന് അപ്പോൾ ആൺഗൗളി പറയുന്നു. ഇതുകേട്ട് പെൺഗൗളി യുവതിയുടെ ഇനിയുള്ള ജീവിതത്തെ കുറിച്ച് അറിയാൻ അവളുടെ ബാഗിലെ വസ്ത്രത്തിനുള്ളിൽ തിടുക്കത്തിൽ കയറിക്കൂടി. അവളുടെ തീരുമാനത്തിൽ ആൺ ഗൗളി ഞെട്ടുന്നു. തന്റെ കുഞ്ഞുങ്ങളുടെ അമ്മയാകേണ്ടവളാണ് നീ എന്ന് ആൺഗൗളി പറയുന്നു. "അതിന് ഏത് പെൺഗൗളിക്കും കഴിയും. ഇത് താൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്" എന്ന് പറഞ്ഞുകൊണ്ട് ആൺഗൗളിയുടെ ജീവിതത്തിൽ നിന്ന് പെൺഗൗളി അപ്രത്യക്ഷയാകുന്നു.

സന്ദർശകയുടെ കടന്നുവരവും ഉപദേശവും അതുകേട്ട പെൺ ഗൗളിയുടെ ചിലയ്ക്കലും എത്ര പുരോഗമിച്ചാലും അന്ധവിശ്വാസങ്ങൾക്ക് പുറകെ പോകുന്ന സമൂഹത്തെയും വൈകാരികത ചോർന്ന മനുഷ്യ മനസ്സിനെയും അവതരിപ്പിക്കുന്നു. "ഇന്നത്തെ മനുഷ്യർ ഹൃദയത്തിനല്ല തലച്ചോറിനാണ് മുൻതൂക്കം നൽകുന്നത്" എന്ന് ആൺഗൗളിയുടെ പ്രതികരണം ബന്ധങ്ങൾക്കിടയിൽ നഷ്ടമാകുന്ന വൈകാരികതയെ സൂചിപ്പിക്കുന്നു. ഡോക്ടർമാരും ചികിത്സയും ഈ കഥയിൽ ചർച്ചാവിഷയമാകുന്നുണ്ട്. മഞ്ഞപ്പിത്തത്തിന് ചികിത്സിക്കാൻ വിടാതെ അപകടത്തിലേറ്റ പരിക്കിനെ മാത്രമാണ് ചികിത്സിക്കുന്നത്. ചികിത്സാരംഗത്തെ മത്സരവും ഡോക്ടർമാർക്കിടയിലുള്ള ഈഗോയുമെല്ലാം കഥാകാരി ഇവിടെ വിമർശന വിധേയമാക്കുന്നു.

ആണഹന്തയെ പെൺഗൗളി പല സന്ദർഭങ്ങളിലും ചോദ്യം ചെയ്യുന്നുണ്ട്. ബുദ്ധന്റെ ബോധോദയത്തെ പോലും പെൺഗൗളി വിമർശിക്കുന്നു.

സവിശേഷമായ ആഖ്യാന രീതിയിലൂടെ സമൂഹത്തിന്റെ പല മേഖലകളെയും പിടികൂടിയിരിക്കുന്ന അപചയങ്ങളെ ഗ്രേസി ഈ കഥയിലൂടെ ശക്തമായി വിമർശന വിധേയമാക്കുന്നു.

HSSLiVE.IN

തയ്യാറാക്കിയത് :

അജയകുമാർ ബി , ബിലു വി ബി , ബിതദാസ് ടി വി , ഇന്ദുലേഖ വി , നന്ദിതാതിലകം എസ് , കൃഷ്ണകുമാരി എസ് എസ് , രാജുലക്ഷ്മി , മനീഷ പി വി , സുജിലാറാണി വി എം , ഉദയകുമാർ എസ്

പ്രിയ വിദ്യാർത്ഥികളെ ,

**HSS Mozhi** – ഹയർ സെക്കണ്ടറി മലയാളം അധ്യാകരുടെ ഒരു കൂട്ടായ്മയാണ്. + 1 , +2 മലയാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠന വിഭവങ്ങൾ ഞങ്ങൾ തയ്യാറാക്കുന്നു.

– മൂന്ന് തലത്തിലാണ് അവ ആസൂത്രണം ചെയ്തിരിക്കുന്നത്.

1 . **YouTube Channel** – പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെയും ടീച്ചർ ടെക്സ്റ്റിനെയും കൃത്യമായി പിന്തുടരുന്ന വീഡിയോ ക്ലാസുകൾ ചാനലിൽ ലഭ്യമാക്കിയിരിക്കുന്നു. **Link** : – **Click Here**

2 . **Telegram Channel** : + 1 , +2 ക്ലാസുകൾക്ക് വെവ്വേറെ ചാനലുകൾ ഉണ്ട്. യു ട്യൂബ് ചാനലിലെ ക്ലാസുകൾ ക്രമമായി ഇവിടെ കാണാം. കൂടാതെ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ , ആഡിയോകൾ, വീഡിയോകൾ , മാതൃകാ ചോദ്യങ്ങൾ, ചോദ്യോത്തരങ്ങൾ , നോട്ട് തുടങ്ങിയവ ഇവിടെ ലഭ്യമായിരിക്കും. **+2 Channel Link** : **Click Here**

3 . **Note** – ഓരോ പാഠഭാഗത്തിന്റെയും നോട്ട് തയ്യാറാക്കിയിരിക്കുന്നു. ടെലഗ്രാം ചാനലിനു പുറമേ, ഇപ്പോൾ **Hsslive.in** വഴിയും നോട്ട് ലഭ്യമാക്കിയിരിക്കുന്നു.

🌹ഞങ്ങൾ തയ്യാറാക്കിയ +2 പഠന സഹായി **e book** രൂപത്തിൽ **Amazon** ൽ ലഭ്യമാക്കിയിരിക്കുന്നു.

**Link** : **Click Here**

വീഡിയോ ക്ലാസുകളും നോട്ടും ഉപയോഗിച്ച് പഠനം മുന്നോട്ടു കൊണ്ടുപോവുക. ഫുൾ സ്കോർ നേടാൻ അവ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും.

സ്നേഹത്തോടെ,

**hssMozhi**
WhatsApp no **79024 79435**

Reg. No. : ....................................

Name : ........................................

**ME-08**

# MODEL EXAMINATION, MARCH 2021

Part – II

Time : 2 $\frac{1}{2}$ Hours

Cool-off time : 20 Minutes

## മലയാളം

## (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

HSSLiVE.IN

**1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. മലയാളം ക്ലാസ്സുകളിൽ നിന്ന് ശാസ്ത്രജ്ഞനായ ഇ.സി.ജി സുദർശൻ ഉൾക്കൊണ്ട രണ്ടു പ്രധാന നേട്ടങ്ങൾ

- ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന വലിയ അറിവ്
- കവിത രചിക്കാനുള്ള പരിശീലനം
- ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങൾക്കുള്ള പ്രചോദനം
- വേഷത്തെക്കുറിച്ചുള്ള ചിന്ത

2. ശകുന്തളയെ അധിക്ഷേപിക്കാനായി ദുഷ്ഷന്തൻ പറയുന്ന വാക്കുകൾ

- മത്തേഭം പാംസുസ്നാനം കൊണ്ടു സന്തോഷിക്കുന്നു
- കോകിലനാരി പോലെ പരഭൃത
- നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം
- നാരികൾക്ക് ധാർഷ്ട്യമുണ്ട്

3. ഗബ്രിയേൽ ഗാർബിയ മാർക്വസ് എന്ന എഴുത്തുകാരനുമായി ബന്ധപ്പെടുത്താവുന്ന രണ്ടുപ്രസ്താവനകൾ

- ലാറ്റിനമേരിക്കൻ സാഹിത്യകാരൻ
- വെയിറ്റിംഗ് ഫോർ ഗോദോ രചിച്ചു
- സർ റിയലിസ്റ്റ് രചനാസങ്കേതം ഉപയോഗിച്ചു
- നോബൽ സമ്മാനജേതാവ്

HSSLiVE.IN

4. 'കിരാതവൃത്തം' എന്ന കവിതയിലെ രണ്ടുദൃശ്യബിംബങ്ങൾ തിരഞ്ഞെടുത്തെഴുതുക

- കാട്ടാറിന്റെ തരിവളകിലുക്കം
- കറുകപ്പുൽത്തുമ്പത്തെ അമ്പിളിയുടെ കളമെഴുത്ത്
- നെഞ്ചത്തുപന്തംകുത്തിനിൽക്കുന്ന കാട്ടാളൻ
- കാറ്റിന്റെ ചിലങ്കകൾ

5. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ശീർഷകവുമായി യോജിച്ചുവരുന്ന രണ്ടു പ്രസ്താവനകൾ

- പത്രത്തിലെ മുഖപ്രസംഗം
- കഥാപാത്രനിരൂപണം
- സ്പോർട്സ് ഫീച്ചർ
- ക്രിക്കറ്റിൽ നിന്നുള്ള സച്ചിന്റെ വിടവാങ്ങൽ

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് 2-3 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(6 × 2 = 12)**

6. 'ഖലനല്ല വാക്കുകേട്ടാൽ' – സന്ദർഭം വിശദമാക്കുക.

7. മാപ്പിളപ്പാട്ട് രചയിതാക്കൾക്കിടയിൽ പുലിക്കോട്ടിൽ ഹൈദറിനെ വ്യത്യസ്തനാക്കുന്ന രണ്ടു പ്രത്യേകതകൾ കുറിക്കുക.

8. ഭർത്താവിനെക്കുറിച്ചുള്ള ശീലാവതിയുടെ പരാതികൾ എന്തൊക്കെയാണ്?

HSSLiVE.IN

9. 'യമുനോത്രിയുടെ ഊഷ്മളതയിൽ', ബദരിയും പരിസരങ്ങളും എന്നീ യാത്രാവിവരണഭാഗങ്ങൾ പരിചയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഞ്ചാരസാഹിത്യകൃതികൾക്കുവേണ്ട രണ്ടു സവിശേഷതകൾ എഴുതുക.

10. കാക്കാരശ്ശിനാടകത്തിന്റെ പ്രത്യേകതകളെക്കുറിച്ച് എഴുതുക.

11. കലാമണ്ഡലത്തിലെ പഠനകാലത്ത് അനുഭവിച്ചറിഞ്ഞ ഭാരതപ്പുഴയെക്കുറിച്ച് ഹൈദരലിയുടെ ഓർമ്മകളെന്തൊക്കെയാണ്?

**12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക 4 സ്കോർ വീതം.** **(10 × 4 = 40)**

12. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കുട്ടികൾക്ക് കാട്ജിനെയിൽ നിന്നും വിഭിന്നമായി മാഡ്രിഡ്നഗരം എപ്രകാരമാണ് അനുഭവപ്പെട്ടത് ?

13. തന്നെ അധിക്ഷേപിക്കുന്ന ദുഷ്ഷന്തനോടുള്ള പ്രതികരണമായി ശകുന്തള പറയുന്ന ലോകതത്ത്വങ്ങൾ വിശദമാക്കുക.

14. കലാമണ്ഡലം ഹൈദരലിക്ക് ബാപ്പയെക്കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയാണ് ?

15. 'അഗ്നിവർണ്ണന്റെകാലുകൾ' എന്ന നാടകത്തിലെ കഥാപാത്രങ്ങൾ ഏതൊക്കെ പ്രവണതകളുടെ പ്രതിനിധികളാവാം ? വിലയിരുത്തുക.

HSSLIVE.IN

16. 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ സൂചിപ്പിക്കുന്ന വിപണിയുടെ പ്രത്യേകതകൾ കുറിക്കുക ?

17. ആട്ടക്കഥാകൃത്തുക്കൾക്കിടയിലെ മൗലികപ്രതിഭയാണ് ഉണ്ണായിവാര്യർ. അദ്ദേഹത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

18. ഓണക്കാലത്തു സംഘടിപ്പിക്കുന്ന നാടൻകലാമേളയിൽ പടയണി അവതരിപ്പിക്കുന്നതിനു മുന്നോടിയായി നടത്താനുള്ള ആമുഖ ഭാഷണം തയ്യാറാക്കുക.

19. 'മോഷണം', 'തേങ്ങ' എന്നീ രചനകൾക്ക് വായനക്കാരിൽ ചിരിയുണർത്താൻ സാധിക്കുന്നുണ്ടോ ? എന്തുകൊണ്ട്?

20. പുലിക്കോട്ടിൽ ഹൈദറിന്റെ 'വെള്ളപ്പൊക്കമാല', 'മറിയക്കുട്ടിയുടെ കത്ത്' എന്നീ കൃതികളെക്കുറിച്ച് ലഘുവിവരണം എഴുതുക.

21. പരസ്യങ്ങളെയും പ്രചാരണയത്തങ്ങളെയും ഒന്നടങ്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പരിഗണിക്കുന്നത് അത്ര ശരിയല്ല എന്നുപറയുന്നതെന്തുകൊണ്ടാണ് ?

**22 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.**

**(11 × 6 = 66)**

22. സാമൂഹികജീവിതം, സംസ്കാരവിനിമയം, സർഗാത്മക ആവിഷ്കാരം, ഭരണഭാഷ, കോടതിഭാഷ, ബോധന മാധ്യമം എന്നീ തലങ്ങളെ മുൻനിറുത്തി മാതൃഭാഷയ്ക്കു നൽകേണ്ട പ്രാധാന്യത്തെപ്പറ്റി വിവരിക്കുക.

23. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ അച്ഛനമ്മമാരുടെ സ്വഭാവസവിശേഷതകൾ വിശദമാക്കുക.

24. ദൈവദശകത്തെ മറ്റുപ്രാർത്ഥനകളിൽനിന്നു വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ചൂണ്ടിക്കാട്ടി സമകാലികസാഹചര്യത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

25. ഉല്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടമെന്ന നിലയിൽ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയെ വിലയിരുത്തുക ?

26. 'നളനില്ലപരാധം പോൽ

ഉണ്ടെന്നാകിലും

കുലനാരിക്കരുത് കോപം പോൽ' – വ്യവസ്ഥാപിതമായ നിർദ്ദേശങ്ങൾക്കനുസൃതമായി വേണം സ്ത്രീ ജീവിക്കാൻ എന്ന അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം എന്താണ് ?

27. 'നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും

വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതു പോലെ' – ഈ വരികളിലെ ആശയത്തെ ദയാബായിയുടെ ജീവിതാനുഭവങ്ങളോടു ചേർത്തുവച്ച് ഒരു ലഘുപ്രഭാഷണം രചിക്കുക.

HSSLiVE.IN

28. 'പാരിസ്ഥിതികാവബോധം വളർത്തുന്ന കവിതയാണ് കിരാതവൃത്തം' – എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

29. അരങ്ങിൽ വരാത്ത അഗ്നിവർണ്ണനെക്കുറിച്ച് മറ്റുകഥാപാത്രങ്ങൾ നൽകുന്ന ചിത്രം അവതരിപ്പിക്കുക.

30. കലാമണ്ഡലത്തിലെ സഹവിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സമീപനത്തെക്കുറിച്ച് ഹൈദരലിയുടെ ഓർമ്മകൾ എന്തൊക്കെയാണ് ?

31. സാമൂഹികമാധ്യമങ്ങളുടെ പ്രചാരം ജനാധിപത്യബോധത്തെ ശക്തിപ്പെടുത്തി എന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? നിങ്ങളുടെ നിലപാടു വ്യക്തമാക്കുക.

32. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്തെ ടി.പി. ശ്രീധരൻ എന്ന കഥാപാത്രത്തിന്റെ ജീവിതത്തിൽ പ്രതീതിയാഥാർത്ഥ്യം സൃഷ്ടിച്ച മാറ്റങ്ങൾ എന്തൊക്കെയാണ് ?

**33 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(4 × 8 = 32)**

33. മനുഷ്യജീവിതാവസ്ഥകൾ ലോകത്തെവിടെയും ഒരുപോലെയാണെന്നു പറഞ്ഞുതരികയാണ് വിവർത്തനകൃതികൾ ചെയ്യുന്നത്. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ ആസ്പദമാക്കി വിശദീകരിക്കുക.

HSSLiVE.IN

34. ബാഹുകവേഷധാരിയായി കൊട്ടാരത്തിലെത്തിയത് നളനാണെന്നു തീർച്ചപ്പെടുത്താൻ കേശിനി നടത്തുന്ന പ്രയത്നം വിശദീകരിച്ച് ആ കഥാപാത്രത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

35. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിന് അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തോടെ കൈവരുന്ന സാമൂഹികമാനം എന്താണെന്നു വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

36. ചുവടെ ചേർക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ 'ഗൗളിജന്മം' എന്ന കഥയെ വിലയിരുത്തുക.

(i) വൈകാരികത ചോർന്ന മനുഷ്യമനസ്സ്

(ii) അന്ധവിശ്വാസങ്ങൾക്കു പിന്നാലെ പോകുന്ന സമൂഹം

(iii) ചികിത്സാരംഗത്തെ കച്ചവടവൽക്കരണം

(iv) പുരുഷാധിപത്യ സമൂഹം

---

HSSLiVE.IN